മലയാള പുരോഗമന വാരിക

## വിഷയവിവരം


മണൽതിട്ട (കവിത) വി. കെ. നാരായണൻ കടക്കരപ്പള്ളി 3
പുത്തരി— (കവിത) പി. എം. പരമേശ്വരൻനംപൂതിരി 3
സോവിയററുനാട്ടിലെ വിദ്യാഭ്യാസം— വി. പി. ശങ്കരൻ 4
വരാൻപോകുന്ന ഭക്ഷണക്ഷാമം— എം. എം. ചെറിയാൻ 7
താക്കൂർ ചന്ദ്രസിംഗ്— നാരായണൻകുട്ടി ബി. ഏ. മാറായിൽ 9
അവർ ഇങ്ങനെ പറയുന്നു— 11
പ്രസ്താവന— 12
പതിമൂന്നാംപേജ്— ബാലൻ 13
സമരം—(ചെറുകഥ) ഡി. എം. പൊററക്കാട്ട് 15
ഗ്രന്ഥവിഹാരം—(മേൽവിലാസം) സി. ജെ. തോമസ് 21


XXV (29)

March 3, 1946

വില 2 ണ.

# A quite and peaceful spot in which the tired traveller can dine in comfort!

# HOTEL de PARK
# &
## PARK CAFE
### KOTTAYAM



# അരുണാ ബുക്ക് സ്റ്റാൾ

ആലപ്പുഴ    ബ്രാഞ്ച് കോട്ടയം.

ആലപ്പുഴ ബോട്ടുജെട്ടിയിൽ നടത്തിവരുന്ന പീപ്പിൾസ് ബുക്ക് സ്റ്റാളിന്റെ പേര് ഭേദഗതി ചെയ്തിരിക്കുന്നു

**ആധുനികറഷ്യ** 1 0 0

"ഈ പുസ്തകം സ്വാതന്ത്ര്യത്തിനുവേണ്ടി വെമ്പൽകൊള്ളുന്ന പരിശ്രമത്തിൽ ഒരടി കൂടി മുൻപോട്ടുപോകുന്നതിനു സഹായിക്കുന്നതാണെന്നാണ് എന്റെ വിശ്വാസം."

കെ. സി. ജോർജ്ജ്.

**നടി** കേശവദേവ് 2 8 0

**അഞ്ചു ചിത്രകഥകൾ** 1 0 0

1. കള്ളപ്പശു—പൊറ്റെക്കാട്ട്
2. പതിവ്രത—കേശവദേവ
3. ഭാര്യയുടെ കാമുകൻ—ബഷീർ
4. നാട്ടുപുറത്തെ വേശ്യ—തകഴി
5. വിത്തുകാള—പൊൻകുന്നം വർക്കി.

ARUNA BOOK STALL ALLEPPY

# ചന്ദ്രോദയം

## മണൽത്തിട്ട

(പി. കെ. നാരായണൻ, കടക്കരപ്പള്ളി)

കളിമണ്ണും പൂഴിയുമായ് കലങ്ങിമറിഞ്ഞിളകി-
ക്കരകവിഞ്ഞൊരു കലപ്പുഴ കണ്ടതേ.
അതിഭയങ്കരമിരച്ചിരച്ചലറിപ്പാഞ്ഞതാ—
കുതികൊണ്ടുവരുന്നൊരു മഹാപ്രവാഹം!
വടക്കുകിഴക്കുനിന്നും അടിക്കുന്ന കൊടുങ്കാററാ—
ലടിക്കടിയൊഴുക്കിന്നു ശക്തികൂട്ടുന്നു.
മലകളും താഴ്‌വരയും മരുഭൂവുമൊക്കെപോലെ
ചലിപ്പിച്ചുതകർത്തലച്ചൊഴുകിടുന്നു.
ഞെട്ടിയുണങ്ങിടയിടെനെടുനീളെ വന്മരങ്ങൾ
അടിവേരടർന്നടർന്നതിഭീകരം.
മറിയുന്നു മതിലുകെട്ടിൻ ഗോപുരങ്ങൾ, മണിസൗധം
ഉയർമഞ്ച, മിവയെല്ലാം പടിപടിയായ്.
മരണാർത്തരല്ലോ! സുഖലോലുപരീ പ്രവാഹത്തിൽ
കരയെത്താൻ കഴിയാതെ വലഞ്ഞീടുന്നു.
ഇതുകണ്ടു ചില വിലജംബുകങ്ങൾ വാനിൽ നോക്കി-
വിധിയെപ്പഴിച്ചു കഷ്ടം! ഓരിയിടുന്നു.
തടം തട്ടിത്തകർത്തു പാഞ്ഞൊഴുകുമീത്തടിനിയെ-
ത്തടയുവാൻ 'ഞൊങ്ങണം'പുല്ലൊരുങ്ങീടുന്നു.
വന്മരങ്ങൾപ്പിഴുതാണീമ്മഹാപ്രവാഹം പോരുന്നെ-
ന്നിക്കാതിരിഞ്ഞൊങ്ങണംപുല്ലറിഞ്ഞിട്ടില്ല.
കിലുകിലെച്ചിരിച്ചുപോയ് തടിനിയീസ്സാഹ-
സമോ—
ത്തലച്ചുരുൾപ്പതച്ചിന്നിയൽഭുതപ്പെട്ടു!
അരിവാളുപോൽ വളഞ്ഞ ചുഴികളെത്തീർത്തുതീർത്താ
പ്പെരിയ നദിയൊഴുകിക്കുതിച്ചു വീണ്ടും!
ഇനിമേലിലൊരുനാളുമീ-പ്രവാഹം തടുക്കുവാൻ
കഴിവില്ലാ—തടയുകിൽ കരുത്തുകൂടും
'ജംബുകങ്ങൾ' ഓരിയിട്ടാൽ—ഞൊങ്ങണങ്ങൾ—
വിലക്കിയാൽ—
ഇമ്മഹാപ്രവാഹഗതി നിലയ്ക്കുകില്ല.
ഒഴുകട്ടെയിതു ശീഘ്രം—ഒഴുകട്ടെയിതു ശീഘ്രം
ഒരു തടസ്സവുമെന്യേ—ഒഴുകിടട്ടെ!
സ്വച്ഛസുന്ദരമാമൊരു മണൽത്തിട്ട്,യിതുപോയി-
നിശ്ചയം നമുക്കൊരുക്കി ചുരുളും വേഗം.
സമത്വസുന്ദരമാണാ—മണൽത്തിട്ട്, കൺകവരും
സമസ്തവർഗ്ഗത്തിന്നെന്നും ശാന്തി നൽകീടും.
എക്കൽകൊണ്ടുമൂടിയോരാ-നൂതനഭൂമിയിൽ നമ്മൾ

## പുത്തരി

(പി. എം. പരമേശ്വരൻനമ്പൂതിരി)
("മറവുള്ള ഗോപിമാർ")

പാഴ്ക്കടലിലൊന്നണ്ടാക്കുന്നിൻചെരുവിൽ
പാതിയും മണ്ണോടടിഞ്ഞുകിടപ്പൂ
പശ്ചിമവാനിടം പൊന്നണിഞ്ഞപ്പോൾ
പക്ഷികളൊക്കയും കൂടണഞ്ഞപ്പോൾ
ചെറ്റച്ചാളയിൽ നിന്നുമുയർന്നു
അത്യന്തസന്തോഷഘോഷങ്ങളേറെ
കർക്കടമാസത്തിൽ ദുർഘടം തീർന്നു
കർഷകരങ്ങിങ്ങുകൊയ്ത്തു തുടർന്നു
"മൂത്താർ" തൻ പാടത്തന്നാദ്യമായ് കൊയ്യാൻ
മൂന്നുപേർ പോയിയച്ചാളയിൽനിന്നും
"ചക്ക"നും ഭാര്യയാം 'നീലി' യും മൂത്ത-
'ചെക്ക'നുമിങ്ങനെ മൂന്നുപേരത്രെ
പത്തുപറക്കവർ കൊയ്തുമെതിച്ചു
പത്തുനാഴിയും 'പത'വും ലഭിച്ചു
ഇത്തിരിനെല്ലോളം വിററിട്ടു 'ചക്കൻ'
'പുത്തരി'യുണ്ണിന്റെ വട്ടങ്ങൾ കൂട്ടാൻ.
കുത്തിയരിയാക്കി ബാക്കിനെല്ലെല്ലാം
കുട്ടകത്തിലട്ടിപ്പത്തുവെച്ചു.
കുത്തും വയറോടടുപ്പിന്റെ ചുററും
കാത്തിരിക്കയായ് കുഞ്ഞുങ്ങളെല്ലാം.
ഒന്നവർ നല്ലപോൽ കുത്തലടക്കീ-
ട്ടിന്നേക്കൊരഞ്ചാറുമാസങ്ങളായി!
വേവാനതിന്നിത്ര താമസമെന്തീ-
പ്പാവങ്ങളുണ്ണം വാൻവെമ്പിയിരിക്കെ!
ഒന്നുണ്ണാൻ നല്ലപോൽ കിട്ടുകയെന്ന
തിന്നാട്ടാർക്കാകെയൊരു സ്വപ്നമായി!
എന്നുമിവർക്കുണ്ണാനുള്ളൊരു കാലം.
ഇന്നാട്ടിലെത്രമേൽ ദൂരത്താണാവോ?

---

ഐക്യവിത്തുപാകി-കൃഷിത്തുടരെച്ചെയ്യാം!
ഫലസമൃദ്ധമായുള്ള വിളയുമിവിടെ വേഗം
പരിഹരിക്കാം നമുക്കീക്ഷാമകാര്യം!
വളരട്ടെ! വളരട്ടെ! ഐക്യവിത്തിൻ കുരുന്നുകൾ;
വിളയട്ടെ! വിളയട്ടെ! ചെങ്കതിരുകൾ!

# സോവിയററു നാട്ടിലെ വിദ്യാഭ്യാസം

( വി. പി. ശങ്കരൻ )

ലോകത്തിൽ എവിടെനോക്കിയാലും ഇരുണ്ട നിരാശയുടെ നിഴൽപാടുമാത്രമെ നമുക്കിപ്പോൾ കാണുവാൻ കഴിയുന്നുള്ളു. എന്നാൽ ഈ ഇരുണ്ടലോകത്തിൽ മനോഹരമായ ഒരു ഭാഗം ഒററപ്പെട്ടുനിൽക്കുന്നുണ്ടെങ്കിൽ അതു സോവിററു് റഷ്യയാണു്. ലോകത്തിൽ എല്ലാരാജ്യങ്ങളിലേക്കാളും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏററവും മുന്നോട്ടുപോയിട്ടുള്ളതു് സോവിയററുയൂണിയനാണെന്നവകാശപ്പെടുന്നതു നാളിതുവരെ അതിൻെറ ശത്രുക്കളായവരുംകൂടി സമ്മതിക്കുവാൻ തുടങ്ങിയിരിക്കയാണു്.

അനേകം ഭാഷകളും സംസ്കാരങ്ങളും ആചാരസമ്പ്രദായങ്ങളും ഉള്ള കുറെ ജനവിഭാഗങ്ങൾ കൂടിച്ചേർന്ന ഒരു ഫെഡറേഷനാണു് സോവിയററു യൂണിയൻ. 1927 ഒക്ടോബറിൽ റഷ്യയിൽ വിപ്ലവം നടന്നതുവരെ, യൂറോപ്പിൽ അല്ല, ലോകത്തിൽ മുഴുവനുംതന്നെ, ഏററവും പിന്നണിയിൽ നിൽക്കുന്ന രാജ്യമായിരുന്നു സാറിൻെറ റഷ്യ. സാറിസ്റ്റു് റഷ്യയിൽ 9 വയസ്സിനു കീഴെയുള്ള കുട്ടികളൊഴികെ 73 ശതമാനം ജനങ്ങളും അക്ഷരജ്ഞാനമില്ലാത്തവരായിരുന്നു. ആയിരത്തോളം ജനങ്ങൾ താമസമുള്ള സ്ഥലങ്ങളിൽനിന്നും 50-ൽ കുറച്ചുമാത്രമെ ആളുകൾ സ്കൂളുകളിൽ ഹാജരായിരുന്നുള്ളു. സ്കൂൾ വയസ്സുതികഞ്ഞകുട്ടികൾ 22 ശതമാനം ആയിരുന്നെങ്കിലും 4·7 ശതമാനം മാത്രമെ ശരിയായി സ്കൂളുകളിൽ ഹാജരായിരുന്നുള്ളു. വിപ്ലവംകഴിഞ്ഞു ഇത്രയും ചുരുങ്ങിയ കാലംകൊണ്ടാണു് വിദ്യാഭ്യാസപരമായ അഭിവൃദ്ധി സോവിയററുയൂണിയനിൽ ഉണ്ടായിട്ടുള്ളതെന്നു കേട്ടാൽ ആരും ആശ്ചര്യപ്പെട്ടുപോകുന്നതാണു്, കേവലം 25 കൊല്ലംകൊണ്ടാണു് സോവിയററുയൂണിയനിൽ 100-ൽ 100 ആളുകൾക്കും വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളതു്. ഇപ്പോൾ സോവിയററുയൂണിയനിൽ നിരക്ഷരത പാടെ പരിത്യജിക്കപ്പെട്ടിരിക്കുന്നു. 20 കൊല്ലത്തെ സോവിയററു് ഭരണംകൊണ്ടു 40;000,000 പ്രായപൂർത്തിയെത്തിയവർ എഴുതുവാനും വായിക്കുവാനും പഠിച്ചു. മുതിർന്നവരുടെ ഇടയിൽനിന്നും നിരക്ഷരത ദൂരീകരിക്കുകയെന്ന ക്ലേശകരമായ കൃത്യം നിർവഹിക്കുവാൻ സർവവ്യാപകമായ തോതിൽ പ്രവൃത്തി തുടങ്ങി.

വമ്പിച്ച തുകകൾ വാരിക്കോരി ചിലവുചെ

സ്തു അത്രയും കൊല്ലങ്ങൾ അന്തസ്സിലും ആർഭാടത്തിലും കഴിച്ചുകൂട്ടുവാൻ മാത്രം ധനികരായവർക്കു മാത്രമെ ഉന്നതവിദ്യാഭ്യാസത്തിനു അർഹതയുള്ളു. അവർ താരതമ്യേന ബുദ്ധിശക്തിയിൽ വളരെ പിന്നോക്കമായിരുന്നാലും അവർക്കുമാത്രമെ ഉന്നതവിദ്യാഭ്യാസത്തിനു അർഹതയുള്ളു. കയ്യിൽ കാശില്ലാത്ത ഒരു കുഡുംബത്തിലെ ഒരു വിദ്യാർത്ഥി എത്രബുദ്ധിശക്തിയുള്ളവനായിരുന്നാലും എഴുത്തും വായനയും അറിയുവാൻ മാത്രമുള്ള സൗകര്യമെ ഗവർമ്മെൻറു സൗജന്യമായി ചെയ്തുകൊടുക്കുവാൻ തയ്യാറുള്ളു. ജനതയുടെ ഭൂരിഭാഗത്തെയും സംസ്കാരത്തിൻെറയും വിദ്യാഭ്യാസത്തിൻെറയും നേട്ടങ്ങളിൽനിന്നും അകററി നിർത്തുകയെന്നുള്ളതാണു് ഈ ഗവർമ്മെൻറുകളുടെ നയം.

സോവിയററു റഷ്യയിലെ വിദ്യാഭ്യാസസമ്പ്രദായം നേരെമറിച്ചാണു്. എത്ര വലിയ ഉയർന്ന ഡിഗ്രിക്കുള്ള കോളേജുകളിലും വിദ്യാഭ്യാസം സൗജന്യമാണു്. കോളേജിൽ ചേർന്നു പഠിക്കുവാൻ തയ്യാറായാൽ മാത്രം മതി; ഒരൊററക്കാശുഫീസുകൊടുക്കാതെ അയാളെ സ്വീകരിക്കുവാൻ അധികൃതന്മാർ എല്ലായ്പ്പോഴും ഒരുക്കമാണു്. വിദ്യാഭ്യാസകാലത്തെ കഴിച്ചുവിടുന്നതിനു അധികം കുട്ടികൾക്കും സഹായധനം അനുവദിക്കുന്നു. ഇതുമല്ല, കോളേജുകളിൽ ചേർന്നു പഠിക്കാതെ ഏതു പരീക്ഷക്കും ഏതു വ്യക്തിക്കും എപ്പോഴും ഹാജരാകാം. ഇതിൽ യാതൊരു നിബന്ധനയും ചുമത്തപ്പെട്ടിട്ടില്ല. രാജ്യത്തിലെ ജനങ്ങളെ ആകമാനം അക്ഷരാഭ്യാസമുള്ളവരാക്കിത്തീർക്കുക മാത്രമല്ല, ആവുന്നത്രയും ജനങ്ങളെ ഉന്നതമായ വിദ്യാഭ്യാസത്തിൻെറ ഉയർച്ചയിലേക്കാനയിക്കുകയാണു് ഗവർമ്മെൻറിൻെറ ഉദ്ദേശം. ഇതിൽ തന്നെയും സ്വേച്ഛാനുസാരം പ്രവൃത്തിക്കുവാൻ പ്രജകളെ അനുവദിച്ചുകൊണ്ടു ഗവർമ്മെൻറു തൃപ്തിയടയുന്നില്ല. സെക്കൻഡറി വിദ്യാഭ്യാസം പട്ടണങ്ങളിൽ എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും നിർബന്ധമാണു്. നാട്ടിൻപുറങ്ങളിൽ 7-ാം ക്ലാസ്സു വരെ നിർബന്ധമാണു്. അതിനപ്പുറംമാത്രമേ ആർക്കെങ്കിലും പഠിക്കേണ്ടെന്നു വെക്കുവാൻ നിർവ്വാഹമുള്ളു. ജനങ്ങൾക്കാകമാനം ഹൈസ്കൂൾ വിദ്യാഭ്യാസം സിദ്ധിച്ച ഒരു സ്ഥിതി: കൂട്ടുകൃഷിനിലങ്ങളിലും തൊഴിൽശാലകളിലും പ്രവൃത്തിനോക്കുന്ന ഓരോ കൃഷിക്കാരനും ഓരോ തൊഴി

ലാളിയും ഹൈസ്കൂൾ വിദ്യാഭ്യാസം സിദ്ധിച്ചവരാണെന്ന വസ്തുത, രാജ്യത്തിന്റെ സാംസ്കാരികമായ പുരോഗതിയെ എത്രമാത്രം മുന്നോട്ടെത്തിച്ചിരിക്കുന്നു! കുറച്ചുകൊല്ലത്തെ പരിശ്രമം കൊണ്ടു രാജ്യത്തിന്റെ ആകെക്കൂടിയുള്ള സാംസ്കാരികപുരോഗതി എത്രത്തോളമുയർന്നിട്ടുണ്ടെന്ന് ഓർമ്മിച്ചുനോക്കുമ്പോൾ ആർക്കും അഭിമാനം തോന്നുന്നതാണ്.

ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരെ അവരവരുടെ യോഗ്യതകനുസരിച്ച് ഉദ്യോഗങ്ങളിൽ നിയമിക്കുവാൻ ഗവൺമെന്റ് ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. പ്രജകൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം അവർ ഏർപ്പെടുത്തുന്ന പ്രവൃത്തികളിൽ വളരെ ഉപയോഗപ്രദങ്ങളായിത്തീരുകയും ചെയ്യുന്നു. എന്നാൽ മുതലാളിത്ത രാജ്യങ്ങളിലെപോലെ ഉദ്യോഗത്തിനുവേണ്ടി മാത്രമല്ല സോവിയറ്റ് യൂണിയനിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതു്. നമുക്കു ഹൈസ്കൂളുകളിലും കോളജുകളിലും കാണാൻ സാധിക്കുന്ന വിദ്യാർത്ഥികൾ മുഴുവനും തന്നെ ഉദ്യോഗാർത്ഥികളാണ്. ദേഹാദ്ധ്വാനം ആവശ്യമില്ലാത്ത പ്രവർത്തികളിൽ ഏർപ്പെടുന്നതിനു് സൗകര്യപ്പെടുവാൻവേണ്ടി മാത്രമാണ് ഇവിടെ നാം ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നതു്. ജനതയുടെ സാങ്കേതികവളർച്ചയെ നാം അത്ര കാര്യമായെടുക്കുന്നതേയില്ല. ഉദ്യോഗാർത്ഥികളായവർക്കും, അതിനുവേണ്ടി ആവശ്യമുള്ളത്ര പണം ചെലവു ചെയ്യുവാൻ കഴിയുന്നവർക്കും മാത്രമാണ് ഇവിടെ ഉന്നതവിദ്യാഭ്യാസം. സോവിയറ്റ് യൂണിയനിൽ അങ്ങനെയല്ല. അവിടെ ജനസാമാന്യത്തിന്റെ ആകെക്കൂടിയുള്ള പുരോഗതി, സാംസ്കാരികമായ വളർച്ചയാണ്, വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമായെടുക്കുന്നതു്.

ഭാവിതലമുറയുടെ കാര്യത്തിൽമാത്രം ശ്രദ്ധിച്ചു. അവരെമാത്രം ബിരുദധാരികളാക്കി വിട്ടു തൃപ്തിയടയുവാൻ സോവിയറ്റ് ഗവർമ്മെന്റ് തയ്യാറില്ല. ജനസംഖ്യമുഴുവനും അഭ്യസ്തവിദ്യരായി തീരണം. എഴുതുവാനും വായിക്കുവാനും പഠിക്കാത്തവരെ പഠിപ്പിക്കുവാൻ ഗവർമ്മെന്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രത്യേകം ഡിപ്പാർട്ടുമെന്റുകളുണ്ട്. ഇവിടെ, നമ്മുടെ നാട്ടിൽ വയോജന ക്ലാസ്സുകൾക്ക് ഗവർമ്മെന്റ് യാതൊന്നും ചെയ്തുകൊടുക്കയില്ല. ചിലപ്പോൾ അത്തരം ഏർപ്പാടുകളെ നിരോധിക്കയാണ് ചെയ്യുന്നതു്. സോവിയറ്റ് യൂണിയനിൽ സ്ത്രീകളും പുരുഷന്മാരുമായ എല്ലാം വയോജനങ്ങളെയും അഭ്യസ്തവിദ്യരാക്കുവാൻ സോവിയറ്റ് ഗവർമ്മെന്റ് നടത്തിയ പരിശ്രമം തികച്ചും ഫലിച്ചിരിക്കുന്നു. സോവിയറ്റ് റഷ്യയിൽ വിദ്യാശൂന്യരെ, വയോജനങ്ങളുടെ ഇടയിൽപോലും കാണുവാൻ സാദ്ധ്യമല്ലെന്ന് വന്നിരിക്കുന്നു. ഇങ്ങനെ എഴുതുവാനും വായിക്കുവാനും പഠിച്ചിട്ടുള്ളവർക്ക് ഗവർമ്മെന്റ് ചെലവിന്മേൽ നടത്തുന്ന ഗ്രന്ഥമന്ദിരങ്ങളിൽ പോയി വായിക്കാം. അവിടെയുള്ള അധിപന്റെ സഹായത്തോടുകൂടി ഏതു വിഷയത്തിലും പ്രാവീണ്യം സമ്പാദിക്കാം. ഏതു പരീക്ഷക്കും ഹാജരായി പാസ്സാകുകയും ചെയ്യാം. മററു രാജ്യങ്ങളിൽ ജനങ്ങളുടെ വാസനകൾ വളരുവാൻ അനുവദിക്കാതെ, വിദ്യാഭ്യാസത്തിന്റെ ഉദ്ദേശത്തെയും വ്യാപ്തിയെയും സങ്കുചിതമാക്കി വെക്കുമ്പോൾ, സോവിയററ് യൂണിയനിൽ ജനതയിൽ ലീനമായിരിക്കുന്ന വാസനകളെ തികച്ചും വികസിപ്പിക്കുവാനും വളർത്തുവാനും ഉതകുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് നടപ്പിൽ വരുത്തിയിട്ടുള്ളതു്.

സ്കൂളിൽ പഠിക്കുമ്പോൾ മാത്രമല്ല കുട്ടികളുടെ കാര്യത്തിൽ ഗവർമ്മെന്റ് ശ്രദ്ധിക്കുന്നതു്. ഏററവും ചെറിയ ശിശുക്കളായിരിക്കുമ്പോൾ തന്നെ അവരെ വളർത്തിക്കൊണ്ടുവരുന്നതിൽ ഗവർമ്മെന്റ് ശ്രദ്ധിക്കുന്നു. തൊഴിലാളിയായ അമ്മ കൂട്ടുകൃഷിസ്ഥലത്തോ, ആഫീസിലോ, തൊഴിൽശാലയിലോ വേലചെയ്യുമ്പോൾ, കുട്ടിയാകട്ടെ പരിചയം നേടിയ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മേൽനോട്ടത്തിൽ ശിശുമന്ദിരത്തിൽ സുഖമായി സംരക്ഷിക്കപ്പെടുന്നു. അതിനു സൗകര്യങ്ങൾ അവിടെ ഗവർമ്മെന്റ് ചെയ്തിട്ടുണ്ട്. അമ്മമാർ വളരെ മനസ്സമാധാനത്തോടുകൂടി, കുട്ടികളെപ്പററി അല്പംപോലും ചിന്തിക്കാതെ പ്രവർത്തി ചെയ്യുന്നു.

സോവിയറ്റ് യൂണിയനിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അദ്ധ്യാപകനു സജീവമായ ഒരു പങ്കുണ്ട്. വിദ്യാഭ്യാസകാര്യങ്ങളുടെ നിയന്ത്രണംതന്നെ അദ്ധ്യാപകസംഘടനകളുടെ കയ്യിലാണ്. എന്നാൽ വിദ്യാഭ്യാസമാകുന്ന തുറയിൽ മാത്രമല്ല സോവിയറ്റുയൂണിയനിലെ അദ്ധ്യാപകനു പ്രവർത്തിക്കുവാൻ സൗകര്യമുള്ളതു്. തന്റെ രാജ്യത്തോടൊപ്പം സോവിയറ്റ് അദ്ധ്യാപകനും വളരെ വിഷമതകളെ കടന്നു വന്നിട്ടുണ്ട്. ആഭ്യന്തരയുദ്ധകാലത്തും സാമ്പത്തികാധഃപ്പതനകാലത്തും മുന്നണിയിൽനിന്നു പൊരുതിയിട്ടുള്ള സോവിയറ്റ് അദ്ധ്യാപകൻ സർവ്വരാലും ബഹുമാനിക്കപ്പെട്ടു. ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചും ഇപ്പോൾ സമുന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്നു.

റഷ്യയിലെ മികച്ച ഗ്രന്ഥകാരന്മാരായ ചെക്കോവും, ടാൾസ്റ്റോയിയും ഗോർക്കിയും അവരുടെ നോവലുകളിലും മററു കൃതികളിലും സ്മൃതിപഥത്തിൽനിന്നു എന്നും മായാതിരിക്കത്തക്കവിധത്തിൽ അവിടത്തെ അദ്ധ്യാപകന്മാരെ ചിത്രീകരിച്ചിട്ടുണ്ട്. നശിച്ചതും കരാളവുമായ അവരുടെ ജീവിതം ലോകത്തിന്നു ഒരു തുറന്ന പുസ്തകമാക്കികൊടുത്തിട്ടുണ്ട്. സാറിൻെറ റഷ്യയിലെ അദ്ധ്യാപകനു കിട്ടിയിരുന്ന ശമ്പളം ഏററവും തുഛമായിരുന്നു. നാട്ടിൻപുറങ്ങളിൽ അളുകൾക്ക് എടുപ്പുകൾതന്നെ ഉണ്ടായിരുന്നില്ല. ഗ്രാമത്തിൻെറ ഒരററത്തുള്ള പഴകി ജീർണ്ണിച്ച കുടിലിലാണ് സാധാരണയായി സ്ക്കൂളുകൾ നടത്തിയിരുന്നതു്. അഞ്ചും, ആറും നാഴികക്കു ഒരു സ്ക്കൂൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

ദേശീയമായ എല്ലാ വിഷമങ്ങൾക്കും അറുതി വരുത്തിയ ഒക്ടോബർ വിപ്ലവം എല്ലാവിധത്തിലും പെട്ടെന്നു ആളുകൾക്കു വിദ്യാഭ്യാസം ചെയ്യുവാനുള്ള പ്രത്യേക നിബന്ധനകൾ എടുത്തുകളഞ്ഞു. യഹൂദക്കുട്ടികൾക്കു ഇത്ര ശതമാനം മാത്രമെ ഹൈസ്ക്കൂളുകളിലും സർവകലാശാലകളിലും പ്രവേശനം അനുവദിച്ചുകൂട എന്നു സാറിസ്റ്റ് ഗവർമ്മെൻറു നിയമം വച്ചിരുന്നു. യുക്രയിൻ, ജോർജിയ, അർമീനിയ, അസർബൈജിൻ ബൈലോറഷ്യ, മദ്ധ്യേഷ്യ എന്നിവിടങ്ങളിൽ ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതും നിരോധിച്ചിരുന്നു.

1—ാം ലോകമഹായുദ്ധത്തിൻെറ കാലത്തു വിദ്യാഭ്യാസത്തിൻെറ കാര്യം കൂടുതൽ വിഷമമായി. രാജ്യത്തിൻെറ സാമ്പത്തിക വ്യവസ്ഥ താറുമാറായി; മുഴുപട്ടിണി നാടെങ്ങും പടർന്നുപിടിച്ചു. അങ്ങനെ സ്ക്കൂളിൽ പോകുന്നവരുടെ എണ്ണം ഗണ്യമായ തോതിൽ കുറഞ്ഞു. അധികം വിദ്യാലയങ്ങളും പൂട്ടിയിട്ടു. നല്ല എടുപ്പുകളെല്ലാം സ്ക്കൂളുകൾക്കും ശിശുമന്ദിരങ്ങൾക്കും കിണ്ടർഗാർട്ടനുകൾക്കുമായി നീക്കിവച്ചിരുന്നു. സ്ക്കൂളുകളിൽ ഹാജരാകുന്ന കുട്ടികളുടെ എണ്ണത്തിൽ അത്ഭുതപൂർവ്വമായ ഒരു വർദ്ധനവുണ്ടായി. ആഭ്യന്തരയുദ്ധാനന്തരം സോവിയററു ഗവർമ്മെൻറു വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. സാറിൻെറ കാലത്തു പ്രാഥമിക വിദ്യാഭ്യാസം നാടുമുഴുവനും പ്രചരിപ്പിക്കുവാൻ സാദ്ധ്യമാണെന്ന സ്വപ്നം കാണുവാൻകൂടി കഴിഞ്ഞിരുന്നില്ല. 20-ാം നൂററാണ്ടിൻെറ അവസാനകാലത്തു മാത്രമെ നാടുമുഴുവനും വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ സാദ്ധ്യമാവൂ എന്നാണ് സാർ ചക്രവർത്തിയുടെ മന്ത്രിമാർ വിശ്വസിച്ചിരുന്നതും പറഞ്ഞിരുന്നതും. എന്നാൽ 20 കൊല്ലക്കാലംകൊണ്ടു സാർ സർവ്വാധിപത്യം 200 കൊല്ലംകൊണ്ടു നിർമ്മിച്ചതിനെക്കാൾ എത്രയോ അധികം സ്ക്കൂളുകൾ സോവിയററു ഗവർമ്മെൻറു നിർമ്മിച്ചു. 1938 ആയപ്പോഴേക്കും 20,607 സ്ക്കൂളുകൾ പണിതിട്ടുണ്ട്. ഇതിനെല്ലാം പുറമെ ബഹുഭൂരിപക്ഷം സർവ്വകലാശാലാ വിദ്യാർത്ഥികൾക്കു സഹായധനവും പാർപ്പിടസ്ഥലവും ഗവർമ്മെൻറുതന്നെ ഏർപ്പെടുത്തികൊടുക്കുന്നുവെന്നു കേൾക്കുമ്പോൾ ഗവർമ്മെൻറിനു വിദ്യാർത്ഥികളുടെമേൽ എത്രമേൽ വാത്സല്യവും ശ്രദ്ധയുമുണ്ടെന്നു വ്യക്തമാകുന്നുണ്ട്.

മററെല്ലാ തുറകളിലുമെന്നപോലെ, സോവിയററു യൂണിയൻെറ ത്വരിതമായ ഈ വളർച്ചയ്ക്കു കാരണം സംസ്കാരത്തിൻെറ തുറയിൽ അർപ്പിക്കപ്പെട്ട ശ്ലാഘനീയമായ പ്രവർത്തനമാണ്. അതുകൊണ്ടു മാത്രമാണ് 1931-ൽതന്നെ രാജ്യമൊട്ടുക്കു നിർബന്ധ പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിൽ ഗവർമ്മെൻറു വിജയിച്ചിട്ടുള്ളതും. സോവിയററിലെ വിദ്യാഭ്യാസ പുരോഗതി, എളുപ്പത്തിൽ മനസ്സിലാക്കാൻ വിപ്ലവത്തിനു മുമ്പും അതിനുശേഷവുമുള്ള കണക്കുകൾ സഹായിക്കുമെന്നു വിശ്വസിക്കുന്നു. 1914-ൽ 8,137,000 വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന റഷ്യയിൽ 1938-39-ൽ കുട്ടികളുടെ എണ്ണം 47,442,100 ആയി. 1914-ൽ സെക്കണ്ടറി സ്ക്കൂളിലെ കുട്ടികൾ 995,000-വും 1938-39—ൽ 12,076,000-ം ആയിരുന്നു. 1914-ൽ 112,000 വിദ്യാർത്ഥികളുണ്ടായിരുന്ന സർവകലാശാലകളിലും കോളേജുകളിലും 1938-39-ൽ 601,000 വിദ്യാർത്ഥികളുണ്ടായി.

രണ്ടാം ലോകമഹായുദ്ധം എല്ലാവിധത്തിലും സോവിയററു നാട്ടിൻെറ പുരോഗതിക്കു് ഒരു വിലങ്ങായിരുന്നുവെന്നതു് ഒരു പരമാർത്ഥമാണ്. ഒട്ടേറെ വിദ്യാലയങ്ങളും മററു സംസ്കാരകേന്ദ്രങ്ങളും ചുട്ടു ചാമ്പലാക്കപ്പെട്ടിട്ടുണ്ട്. മൊത്തത്തിൽ വിദ്യാഭ്യാസനിലയ്ക്കു് ഒരു കോട്ടംതന്നെ പററിയിട്ടുണ്ട്. എന്നാൽ യുദ്ധാനന്തരപദ്ധതിയിൽ ഏററവും മുൻഗണന നൽകപ്പെട്ടതു് നശിപ്പിക്കപ്പെട്ട വിദ്യാലയങ്ങളും മററു സംസ്കാരകേന്ദ്രങ്ങളും പുനഃസ്ഥാപിച്ചു സോഷ്യലിസത്തിൻകീഴിൽ സംസ്കാരങ്ങൾക്കു പ്രത്യക്ഷരൂപം കൊടുക്കുന്നതിലാണ്. ഭൂമണ്ഡലത്തിലുള്ള ഏതൊരു രാഷ്ട്രത്തിനും അസൂയ ജനിപ്പിക്കത്തക്ക അടിയുറപ്പുള്ള സോവിയററിൻെറ നില മാതൃകാപരമായി ലോകത്തിനു കാണാതിരിപ്പാൻ നിർവാഹമില്ല.

# വരാൻപോകുന്ന ഭക്ഷണക്ഷാമം

(എം. എം. ചെറിയാൻ)

നാമിന്നു ഒരു പട്ടിണിക്കുഴിയുടെ വക്കിലിരിക്കുകയാണു്. ഇൻഡ്യയിലെ അനേക ലക്ഷം ജനങ്ങൾ ഒരു ഭയങ്കരമായ ആഹാര ദാരിദ്ര്യത്തിലേക്കു മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും നടക്കേണ്ടിയിരിക്കുന്നു. അത്യുഗ്രമായ ഒരു ഭക്ഷണക്ഷാമത്തിന്റെ കറുത്ത മേഘപടലം അന്തരീക്ഷത്തെ ആവരണം ചെയ്തുകഴിഞ്ഞു. ഭരണാധികാരികൾ വെമ്പൽപിടിക്കുന്നു. വേവൽപ്രഭു ഗാന്ധിജിയുടെയും ജിന്നാ സാഹിബിന്റെയും ആസാദിന്റെയും സഹായം അഭ്യർത്ഥിക്കുന്നു. ഇൻഡ്യാ ഗവർമ്മെന്റിന്റെ ഒരു പ്രതിനിധി സംഘം അമേരിക്ക, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ നിന്നു സഹായം അഭ്യർത്ഥിക്കുവാൻ പുറപ്പെട്ടുകഴിഞ്ഞു.

ഏതാനും ദിവസങ്ങൾക്കുമുമ്പു് യു. പി. സംസ്ഥാനത്തിലെ ലക്നൗ പട്ടണത്തിൽ ഒരു വമ്പിച്ച ജനകീയ പ്രക്ഷോഭണം നടത്തപ്പെട്ടു. കോൺഗ്രസ്സുകാർ ത്രിവർണ്ണ പതാകക്കീഴിലും, മുസ്ലീങ്ങൾ ലീഗുപതാകക്കീഴിലും കമ്മ്യൂണിസ്റ്റുകൾ ചെങ്കൊടിക്കീഴിലും ഒരുമിച്ചു ചേർന്നുനിന്നുകൊണ്ടു് ബ്രിട്ടീഷ് ഭരണക്രമത്തെ വെല്ലുവിളിക്കുകയായിരുന്നു. യു. പി. ഗവർമ്മെന്റു് ഭക്ഷണറേഷൻ കുറച്ചതിനെ പ്രതിഷേധിക്കുകയായിരുന്നു. പഞ്ചാബിലും മദിരാശിയിലും റേഷൻ തോതു് വെട്ടിക്കുറച്ചുകഴിഞ്ഞു. വരുന്ന മാസത്തിൽ ബോംബെയിലും കുറയ്ക്കുമെന്നു് ഗവർമ്മെന്റു മുന്നറിവു തന്നുകഴിഞ്ഞു. കഴിഞ്ഞ മൂന്നു വർഷങ്ങളായി അർദ്ധപട്ടിണിക്കാരായി കഴിച്ചുകൂട്ടുന്ന ജനങ്ങൾ ഈ റേഷൻ കുറയ്ക്കലിനെ എതിർക്കുന്നതിൽ എന്താണത്ഭുതം?

വെള്ളപ്പൊക്കം, കൊടുംവേനൽ, കൊടുംകാറ്റു്, ഇത്യാദി പ്രകൃതിയുടെ വികൃതികളാൽ മദ്രാസ്, ഡക്കാൻ, കർണ്ണാടകം, ഗുജറാത്തു്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാംതന്നെ വലുതായ വിളവുനാശം ഇക്കൊല്ലം സംഭവിച്ചിട്ടുണ്ടു്. ഈ സ്ഥിതിയിലാണു് ഇന്നാട്ടിലെ ഭക്ഷണദാരിദ്ര്യം ആരംഭിച്ചിരിക്കുന്നതു്.

ചില കണക്കുകൾ അനുസരിച്ചു 40 ലക്ഷം ടൺ ആഹാരസാധനങ്ങളാണു്, ഇൻഡ്യയിൽ പൊതുവെ ഇക്കൊല്ലം കുറവു്. കഴിഞ്ഞ 27 മാസകാലത്തിനുള്ളിൽ ആകെ ഇൻഡ്യയിലേക്കിറക്കുമതി ചെയ്തിട്ടുള്ളതു് 17 ലക്ഷം ടൺ മാത്രമാണെന്നു പറയുമ്പോൾ ഈ 40 ലക്ഷം ടൺ കുറവു് എത്രമാത്രം ഭയങ്കരമായ ദരിദ്ര്യനിലയാണു് ഇവിടെ ഉളവാക്കാൻ പോകുന്നതെന്നു ഊഹിക്കാമല്ലോ.

മദ്രാസ് സംസ്ഥാനമാണു് ഏറ്റവും വിഷമത്തിൽ കുടുങ്ങിയിരിക്കുന്നതു്. ഒരാൾക്കു് ഒരു റാത്തൽ എന്ന ഏറ്റവും താണ തോതു് നിലനിർത്തണമെങ്കിൽ പുറത്തുനിന്നു് ഒരു കോടി ടൺ മദ്രാസിനു ലഭിക്കണമെന്നു് മദ്രാസ് ഗവർണ്ണരുടെ ഉപദേഷ്ടാവു് സമർത്ഥിക്കുകയുണ്ടായി. ബോംബെയിൽനിന്നു പുറപ്പെടുന്ന ടൈംസ്-ഓഫ്-ഇൻഡ്യാ പത്രക്കാരുടെ കണക്കു് മദ്രാസിലെ കുറവു് രണ്ടു കോടി എന്നാണു്.

സേലം, തിരുനൽവേലി, രാമനാട്ടു് എന്നീ തമിഴനാട്ടിലെ ഡിസ്ട്രിക്ടുകളിലും ആന്ധ്രയിലും ഭക്ഷണക്ഷാമത്തിന്റെ കരിനിഴൽ വീശിക്കഴിഞ്ഞു. ബോംബെയിലെ കുറവു് 4 ലക്ഷം ടൺ ധാന്യങ്ങളാണു്.

1943-ൽ ബംഗാളത്തിൽ 35 ലക്ഷം പേർ വയറൊട്ടി മരിച്ചപ്പോൾ 15 ലക്ഷം ടൺ ആഹാരമായിരുന്നു അവിടെ കുറവു്. ഇക്കൊല്ലം വരാൻ പോകുന്ന കുറവു് 14 ലക്ഷം ടൺ ആണെന്നാണു് പ്രസ്താവിക്കപ്പെടുന്നതു്.

മറുനാട്ടിൽനിന്നു നമുക്കാവശ്യമായ ആഹാരസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു സാദ്ധ്യമല്ലാത്ത പരിതസ്ഥിതിയാണു് കാണപ്പെടുന്നതു്. സാധാരണ നമുക്കാഹാരം തരുന്ന ബർമ്മാ, മലയാ, സയാം, ഇൻഡോ-ചൈനാ എന്നീ രാജ്യങ്ങളിൽ വിളവു് ഇക്കൊല്ലം വളരെ മോശമാണെന്നും, അതുകൊണ്ടു പുറത്തേക്കയക്കുന്നതിനു നിർവ്വാഹമില്ലെന്നുമാണു കാണുന്നതു്.

ചുരുക്കത്തിൽ 1943-ൽ നമ്മുടെ നാട്ടുകാർ അനുഭവിച്ചതിനെയപേക്ഷിച്ചു് എത്രയോ ഭയങ്കരതമവും സർവ്വവ്യാപകവുമായ ഒരു ഭക്ഷണക്ഷാമമാണു്, പല്ലിളിച്ചു കാണിച്ചുകൊണ്ടു് 1946-ൽ നമ്മെ സമീപിക്കുന്നതു്!!!

* * *

വൈദേശിക ഭരണത്തിന്റെ ഉത്തരവാദിത്വമില്ലാത്ത മുമ്പില്ലാതവണ്ണം നഗ്നമായി ദൗർബല്യവും, പൊള്ളത്തരവും ഇന്നു നാം കാണുന്നു. അന്നൊരു ചീന സന്ദർശകൻ ഭാരതത്തിന്റെ സമ്പൽ സമൃദ്ധി വാഴ്ത്തി പുകഴ്ത്തി. അതേ ഭാരതം ത

ന്നെ ഇന്നു ആഹാരദാരിദ്ര്യത്തിൻെറയും നിസ്സഹായതയുടെയും ഒട്ടിയ വയറുകളുടെയും ദയനീയ ചിത്രങ്ങൾ ആവിഷ്കരിക്കുന്നു.

ബ്രിട്ടീഷ്കാരുടെ കഴിഞ്ഞ 200 കൊല്ലത്തെ ഭരണം ഇന്നാട്ടിലെ കാർഷിക ലോകത്തെ വല്ലാതെ അധഃപതിപ്പിച്ചു. വൈദേശിക ദുർഭരണത്തിനു താങ്ങു നിൽക്കുവാൻവേണ്ടി അവർ വളർത്തിവിട്ട ജനദ്രോഹികളായ ജന്മികളും ജന്മിസമ്പ്രദായവും ആണു് ഈ അധഃപതനത്തിനു പ്രധാന കാരണം. വൻകിട നിലമുടമസ്ഥന്മാരുടെയും ഉണ്ടിയക്കാരൻെറയും ഇടയിൽ ആഹാരസാധനങ്ങളുടെ യഥാർത്ഥ സ്രഷ്ടാവായ കൃഷിക്കാരൻ ഞെക്കി പിഴിയപ്പെടുന്നു. ബഹുഭൂരിപക്ഷം കർഷകർ വെറും അടിമകൾക്കു തുല്യമായ ദാസ്യവൃത്തിയിൽ കഴിയുന്നു. കഴിഞ്ഞ മൂന്നു വർഷക്കാലമായി കരിംചന്തക്കാരും പൂഴ്ത്തിവെപ്പുകാരും ഗവർമ്മെൻറുദ്യോഗസ്ഥന്മാരുടെ തണലിൽനിന്നുകൊണ്ടു് സാധുകൃഷിക്കാരുടെ ഘാതകരായിത്തീരുന്നു. ഈ നിലയിൽ ഇന്നാട്ടിലെ ആഹാരസാധനോൽപ്പാദനം അധഃപതിക്കുന്നതിൽ എന്താണത്ഭുതം?

*     *     *

1943-ൽ ഭാരതത്തിൽ പഞ്ചം പടർന്നുപിടിച്ചപ്പോൾ ജനനേതാക്കന്മാർ കാരാഗൃഹത്തിലായിരുന്നു. ഇന്നവർ ജനമദ്ധ്യത്തിലുണ്ടു്. ഇതൊരാശാകിരണമാണു്. ജഠരാഗ്നിയിൽ ലക്ഷക്കണക്കിനു് എരിഞ്ഞുപോയേക്കാവുന്ന നാട്ടുകാരുടെ പ്രാണൻ രക്ഷിക്കുവാനെങ്കിലും പരസ്പരം അടിലഹളകൾ അവസാനിപ്പിച്ചു നമ്മുടെ രാഷ്ട്രീയകക്ഷികൾ—കോൺഗ്രസ്സും, ലീഗും, കമ്യൂണിസ്റ്റുകളും—യോജിച്ചു് ഉത്തരവാദിത്വമുള്ള ഒരു ഗവർമ്മെൻറു കേന്ദ്രത്തിലും, ജനപ്രതിനിധി സർക്കാരുകൾ പ്രവിശ്യകളിലും സ്ഥാപിക്കേണ്ടതുണ്ടു്. കോൺഗ്രസ്സും മുസ്ലിംലീഗുംകൂടിച്ചേർന്നു സ്ഥാപിക്കുന്ന ഒരു കേന്ദ്രഗവർമ്മെൻറിനു മാത്രമെ അന്തർരാഷ്ട്രസമിതികളിൽ ഇൻഡ്യൻ ജനങ്ങളുടെ ആവശ്യം ശരിയായി വാദിക്കുന്നതിനും മനസ്സിലാക്കുന്നതിനും സാധിക്കൂ.

പ്രവിശ്യകളിൽ സ്ഥാപിക്കപ്പെടുവാൻപോകുന്ന ജനകീയഗവർമ്മെൻറുകൾ ഭക്ഷണക്ഷാമത്തിൽനിന്നു ജനങ്ങളെ രക്ഷിക്കുന്നതിനു കഴിവുള്ള എല്ലാ നടപടികളും കൈക്കൊള്ളുമെന്നു വിശ്വസിക്കാം. പുറംരാജ്യങ്ങളിൽനിന്നു് ആഹാരം വരുന്നതിനു നോക്കിയിരിക്കുവാൻ ഒരു ജനകീയ ഗവർമ്മെൻറിനു പാടുള്ളതല്ല. ഇന്നാട്ടിൽതന്നെയുള്ള വിളവു വർദ്ധിപ്പിക്കുന്നതിനു് ആവശ്യമായ നിയമങ്ങളും നടപടികളും അടിയന്തിരമായി സ്വീകരിക്കുക; ഇന്നുള്ള ഒരുമണി ധാന്യമെങ്കിലും ലാഭക്കൊതിയന്മാരുടെ അറകളിലേക്കു പോകാതെ തടയുക; ഉള്ള ധാന്യം ഭംഗിയായി ശേഖരിച്ചു, ക്രമമായി വിതരണംചെയ്യുക; ഇവയെല്ലാമാണു് ഒരു ഉത്തരവാദിത്വഗവർമ്മെൻറിൻെറ കടമകൾ.

x     x     x

കള്ളവ്യാപാരത്തിനും ഒളിച്ചുവയ്ക്കലിനും എതിരായി ഉഗ്രമായ സമരം പ്രഖ്യാപനംചെയ്യണം. കരിഞ്ചന്തയിൽ മറഞ്ഞുകഴിഞ്ഞിരിക്കുന്ന ഓരോമണി ധാന്യവും പുറത്തുവരുത്തണം, ജനദ്രോഹികളായ പൂഴ്ത്തിവെപ്പുകാരെയും, ലാഭക്കൊതിയന്മാരായ കള്ളമാർക്കറ്റുകാരെയും തോല്പിച്ചുകളയണം. അനേകായിരം നാട്ടുകാരുടെ ജീവൻ ചുരുക്കം ചില ദുർമ്മോഹികളുടെ കരുണയ്ക്കുമാത്രം വിധേയമാക്കുവാൻ പാടുള്ളതല്ല.

കർഷകരിൽനിന്നു നേരിട്ടു് ന്യായവിലയ്ക്കു മിച്ചധാന്യം ശേഖരിക്കുന്നതു് ഗവർമ്മെൻറിൻെറ നയമാവണം. ധാന്യശേഖരണത്തിലും വിതരണത്തിലും അഴിമതികാണിക്കുന്ന ഉദ്യോഗസ്ഥന്മാരെ കഠിനമായി ശിക്ഷിക്കുകയും പിരിച്ചുവിടുകയുംവേണം. കർഷകസംഘങ്ങളുടെയും, ജനകീയസംഘടനകളുടെയും സഹകരണം സ്വീകരിക്കുന്നപക്ഷം ഏതുവിധത്തിലുള്ള അഴിമതികളെയും തടയുന്നതിനു സാധിക്കും.

x     x     z

ധാന്യവർദ്ധനവിനാവശ്യമായ നിയമങ്ങളും നടപ്പിലാക്കേണ്ടിയിരിക്കുന്നു. സർക്കാർവകയോ ജന്മിവകയോ തരിശായി ഇട്ടിരിക്കുന്ന ഭൂമി നിലമില്ലാത്ത കർഷകർക്കു് ഭക്ഷ്യോൽപ്പാദനത്തിനായി വെറുതെ കൊടുക്കണം. അവരുടെ കാർഷികവൃത്തിക്കാവശ്യമായ എല്ലാ സഹായങ്ങളും ഗവർമെൻറു് ചെയ്തുകൊടുക്കണം. നാട്ടിൻെറ നട്ടെല്ലായ കർഷകൻെറ നടുവിനു് താങ്ങു കൊടുക്കുക എന്നതു് ഏതൊരു ഉത്തരവാദഗവമ്മെൻറിൻെറയും ധർമ്മമാണു്.

ഇന്നാട്ടിൽനിന്നു ദാരിദ്ര്യപ്പിശാചിനെ ആട്ടിയോടിക്കുന്നതിനു ഇൻഡ്യൻ കർഷകൻെറ ബന്ധനങ്ങളെ അറുത്തുവിടുക, ഋണഭാരവും നികുതിഭാരവും, അടിമത്തഭാരവും അയാളെ അടിച്ചമർത്തിയിരിക്കയാണു്. ഈ ഭാരിച്ച കരിങ്കല്ലുകളെ അയാളുടെ മുതുകിൽനിന്നു പിടിച്ചുമാറ്റിക്കളയുക. ഋണഭാരം ലഘൂകരിക്കുന്നതും, നികുതിഭാരം ശമിപ്പിക്കുന്നതും, അടിമത്തം വെട്ടിപ്പൊളിക്കുന്നതുമായ നിയമാവലികൾ ജനകീയഗവർമ്മെൻറുകൾ നിർമ്മിക്കണം. അന്യായമായി

ജീവചരിത്രപംക്തി

# താക്കൂർ ചന്ദ്രസിംഗ് – സ്വാതന്ത്ര്യ സമരത്തിലെ ധീര സേനാനി

(നാരായണൻകുട്ടി, ബി. ഏ., മാറായിൽ)

അടിമഭാരതത്തിന്റെ ആവേശജനകമായ മോചനസമര ചരിത്രത്തിലെ ഒരു സ്മരണീയ സംവത്സരമാണ് 1930. പെഷവാറിൽ പഠാൻ സത്യാഗ്രഹികളുടെനേരെ നിർദ്ദയമായവിധം വെടിയുണ്ട പൊഴിക്കുവാനുള്ള ഭരണക്കൂടത്തിന്റെ ആജ്ഞ താക്കൂർചന്ദ്രസിംഗിന്റെ ഉത്തമനേതൃത്വത്തിൽ സുസംഘടിതരായ ഗാർവാലി പടയാളികൾ സധൈര്യം നിരസിച്ചതു് ആ വർഷത്തിലാണ്. ദേശപ്രേമികളായ ഇന്ത്യൻ യുവഹൃദയങ്ങളെ ആപാദചൂഡം കോരിത്തരിപ്പിച്ചു ഈ അത്ഭുതസംഭവം ഭാരതാംബയുടെ വീരതനയനായ ചന്ദ്രസിംഗിനെ ജനതാമദ്ധ്യത്തിൽ നിന്നും കാരാഗൃഹത്തിലേക്കകററി. വിദേശീയ ശക്തിയുടെ അന്യായമായ ഈ നടപടിയെത്തുടർന്നു രോഷാകുലരായ ജനസഞ്ചയം തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ ജീവനുവേണ്ടി ഒരു ഘോരസമരം നടത്തുകയുണ്ടായി, എന്നാൽ, ദേശസേവനനിരതനായ ഈ ഭാരതീയഭക്തന്റെ സാന്നിദ്ധ്യം ജനസമൂഹത്തെ ഇളക്കിവിടുവാൻ പര്യാപ്തമാണെന്നു ഗ്രഹിച്ചു് ഭരണാധികാരികൾ അദ്ദേഹത്തെ അന്ധകാരജഡിലമായ കാരാഗൃഹത്തിലിട്ടടക്കയാണുണ്ടായതു്. 1930 മുതൽ 1941 വരെ ചന്ദ്രസിംഗ് ജയിലിലായിരുന്നു. ആറുവർഷത്തോളം ഇരുമ്പുചങ്ങലകളാൽ ബന്ധിതനായും മൂന്നുവർഷത്തോളം ഒരു ഒററപ്പെട്ട തടവുമുറിയിലും അദ്ദേഹം ജയിൽവാസം അനുഭവിച്ചിട്ടുണ്ടു്. 1941-ൽ വിമുക്തനായ ഈ ഗാർവാലിനേതാവു് അല്പമാസങ്ങൾക്കുള്ളിൽ വീണ്ടും അറസ്റ്റിലായി. രണ്ടുവർഷക്കാലത്തെ ക്ലേശകരമായ തുറുങ്കു് ജീവിതത്തിനുശേഷം മോചനം ലഭിച്ചു് പുറത്തുവന്നപ്പോൾ ഭരണമേധാവികൾ ചന്ദ്രസിംഗിനു സ്വരാജ്യത്തിലേക്കു പ്രവേശിക്കുവാനുള്ള അധികാരം നിഷേധിച്ചുകൊണ്ടുള്ള ഒരു കല്പനനൽകി. ജനഹൃദയങ്ങളിൽ അടങ്ങികിടക്കുന്ന ദേശാഭിമാനം ശക്തിമത്തായ രീതിയിൽ ഇതിനെതിരായി പ്രവഹിക്കുവാൻ തുടങ്ങിയപ്പോൾ അവഹേളനാർഹമായ പ്രസ്തുത നിരോധനാജ്ഞ റദ്ദുചെയ്യുവാൻ ഗവർമ്മെണ്ടു് നിർബന്ധിതരായി 1945 ഡിസംബർ മാസത്തിൽ ചന്ദ്രസിംഗ് സ്വദേശത്തേക്കു തിരിച്ചു.

സ്വസഹോദരന്മാരുടെ സമീപത്തേക്കു തിരിച്ചുചെല്ലുന്ന ഈ മഹാത്മാവിനെ ആദരിക്കുവാൻ ഒരു വൻപിച്ച പുരുഷാരം ഗാർവാലിൽ തടിച്ചുകൂടിയിരുന്നു. സർവ വിഭാഗക്കാരുടെയും വാത്സല്യഭാജനമായിരുന്ന ഈ ധീരപടയാളിയെ വൃദ്ധന്മാർ സ്നേഹാധിക്യത്താൽ ആലിംഗനം ചെയ്തു. യുവാക്കൾ ബഹുമാനപുരസ്സരം നമിച്ചു. ഏവരും ഈ യുവകേസരിയുടെ സമാഗമത്തിൽ ഒരു പോലെ ആനന്ദംപൂണ്ടു.

---

ധനം പൂഴ്ത്തിവച്ചിരിക്കുന്ന ധനികന്റേയും, സ്ഥലം അടക്കിയിരിക്കുന്ന ജന്മിയുടെയുംപക്കൽ നിന്നു സാധാരണജനങ്ങളുടെ ആവശ്യത്തിലേക്കു ധനവും സ്ഥലവും ഉദ്ധരിക്കുക. നാട്ടുകാരെ പട്ടിണിയിൽനിന്നുംരക്ഷിക്കുവാൻ ഇതാവശ്യമാണ്.

X X X

ജനങ്ങളുടെ പിൻബലവും ജനകീയസംഘടനകളുടെ സഹകരണവുംകൂടാതെ ഇതെല്ലാം സാധിക്കുമെന്നു വിചാരിക്കുന്നതു് മൌഢ്യമാണ്. ജനങ്ങളുടെ സഹകരണം സ്വീകരിക്കുന്നില്ലെങ്കിൽ എത്രതന്നെ വിപുലമായ പരിപാടിയും പരാജയമടയും. ജനങ്ങളുടെ സഹകരണം സ്വീകരിക്കുന്നില്ലെങ്കിൽ 1943-ൽ ഉദ്യോഗസ്ഥന്മാരുടെയും, പോലീസുകാരുടെയും ശ്രമത്തിൽ മാത്രം തിരുവിതാംകൂർ ഗവർമ്മെൻറു് റേഷനിങ്ങ് നടപ്പിലാക്കിയതിന്റെ അനുഭവമായിരിക്കും ഉണ്ടാവുക. ജനങ്ങളുടെ പിൻബലമുള്ള ജനകീയഗവർമ്മെൻറിനു് ഇവയെല്ലാം സാധിക്കയുംചെയ്യും; നാട്ടുകാരെ മരണത്തിൽനിന്നു രക്ഷിക്കുവാൻ.

നാട്ടുകാരും ഗവർമ്മെൻറുകളും ഉണരേണ്ടിയിരിക്കുന്നു. നമ്മെ നേരിടുന്ന വിപത്തു് മനസ്സിലാക്കണം. ജനകീയസംഘടനകൾ ഇന്നത്തെ ഭക്ഷ്യദാരിദ്ര്യത്തിന്റെ ആഴം മനസ്സിലാക്കി പരസ്പരം യോജിച്ചു് ജനങ്ങളുടെ ജീവൻ രക്ഷിക്കണം. ഇല്ലായെങ്കിൽ നമ്മുടെ നാട്ടുകാർ കഴുകന്മാർക്കും കുറുനരികൾക്കും ഇരയാകും. ഇതു ചെറുവാക്കുകളല്ല.

—0—

ബ്രിട്ടീഷ് ഭരണത്തിന്റെ അധീനതയിൽ കഴിഞ്ഞുപോരുന്ന ആറുലക്ഷം ഗാർവാലി സ്നേഹിതന്മാരുടെ ദാരുണമായ സാമ്പത്തികസ്ഥിതി അവരുടെ സാമൂഹ്യ വികാസത്തിനു ഒരു പ്രതിബന്ധമായിരുന്നു. വ്യവസായങ്ങളുടെയും ഇതര പ്രവർത്തിമാർഗ്ഗങ്ങളുടെയും അഭാവം നിരവധി യുവാക്കളെ ഗാർവാലിൽനിന്നും ഉപജീവനത്തിനായി അന്യരാജ്യങ്ങളിലേക്കു അയച്ചിട്ടുണ്ടു്. സ്വരാജ്യത്തിന്റെ ദയനീയമായ നില അവരുടെ സ്വാശ്രയശീലത്തെ നിശ്ശേഷം നാമാവശേഷമാക്കി. അവരുടെ ജീവിതം ദാരിദ്ര്യത്തിന്റെ ഒരു പര്യായം മാത്രമാണു്. ജനസംഖ്യയിൽ ഒരുലക്ഷംപേർ പട്ടാളക്കാരാണു്. 1887-ലാണു് പ്രഥമസേനാവിഭാഗം ഗാർവാലിൽ സ്ഥാപിതമായതു്. അതിൽപ്പിന്നെ ഗാർവാലി പടയാളികൾ അവരുടെ ധൈര്യവും സാമർത്ഥ്യവും പല യുദ്ധരംഗങ്ങളിലും പ്രകാശിപ്പിച്ചിട്ടുമുണ്ടു്.

സ്വന്തം നാട്ടുകാരുടെ ശോകാത്മകമായ ജീവിതം ചന്ദ്രസിങ്ങിനെ അത്യന്തം വ്യാകുലപ്പെടുത്തി. മാതൃഭൂമിയുടെ ശോചനീയമായ നില വിവരിച്ചുകൊണ്ടു അദ്ദേഹം പ്രസംഗിക്കുകയാണു്.- "ഗാർവാലി സഹോദരന്മാരെ! അപമാനകരമായ ഈ ജീവിതം നാം എന്തിനു് സഹിക്കണം? ഇരുമ്പ്, കൽക്കരി, ചെമ്പ് ഇത്യാദി വസ്തുക്കൾ വിപുലമായ തോതിൽ നമ്മുടെ രാജ്യത്തുണ്ടു്. ഹിമാലയപർവതത്തിൽനിന്നും പുറപ്പെടുന്ന നദികളിൽനിന്നു വിദ്യുച്ഛക്തി സംഭരിച്ചു വ്യവസായങ്ങൾ ആരംഭിക്കുവാൻ നമുക്കു സാധിക്കുന്നതാണു്. അപ്പോൾ നമുക്കു ദാരിദ്ര്യത്തേയും അജ്ഞതയേയും ഗാർവാലിൽനിന്നു നിഷ്കാസനംചെയ്യുവാൻ കഴിയും. അങ്ങനെ സുഖകരമായ ഒരു പുതിയ ജീവിതം എല്ലാ ഗ്രാമങ്ങളിലും പടർന്നു പിടിക്കും. സ്വതന്ത്രഭാരതത്തിൽ ഒരു സ്വതന്ത്ര ഗാർവാൾ സ്ഥാപിക്കുവാൻ നാമേവരും ജാതിമതഭേദമെന്യേ ഏകോപിക്കണം. ഈ സദുദ്ദേശനിർവഹണത്തിനു ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. എന്റെ ജീവിതവും ഇതിലേക്കു് ഉഴിഞ്ഞുവച്ചിരിക്കുകയാണു്." സ്വാതന്ത്ര്യവാഞ്ഛ തുളുമ്പി നില്ക്കുന്ന ഒരു ഹൃദയത്തിൽനിന്നും പുറപ്പെടുന്ന ഈ വചനങ്ങൾ ഏതൊരു ദേശാഭിമാനിയേയാണു് ആവേശം കൊള്ളിക്കാത്തതു്.?

ഒരു വലിയ ജനക്കൂട്ടത്തെ അഭിസംബോധനം ചെയ്തുകൊണ്ടു് ചന്ദ്രസിംഗ് പറയുകയാണു്.—"ഞാൻ ഒരു കർഷക പുത്രനാണു്. ഇരുപതു വർഷങ്ങളോളം കലപ്പ ഉന്തിക്കൊണ്ടും ഇരുപതു വർഷങ്ങളോളം തോക്കുകൾ ചുമന്നുകൊണ്ടും പതിനാറു് വർഷക്കാലം കാരാഗൃഹകവാടങ്ങളിൽ കഷ്ടപ്പെട്ടുകൊണ്ടും ഞാൻ ജീവിതം നയിച്ചുപോന്നു. ഇന്നു നിങ്ങളുടെയെല്ലാം മുമ്പിൽ നിന്നുകൊണ്ടു അവസാനരക്തം നഷ്ടപ്പെടുന്നതുവരെ ബ്രിട്ടീഷ് സാമ്രാജ്യത്തോടു് പടവെട്ടുവാൻ തയ്യാറാണെന്നു ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു."

ആസന്നമായ ഭക്ഷണവിപത്തിനെ തടയുവാനും സേനാവിഭാഗത്തിൽനിന്നും തിരിച്ചു വരുന്ന പട്ടാളക്കാർക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുവാനും വേണ്ടി എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നു ഈ ഗാർവാലി നേതാവു് പല സന്ദർഭങ്ങളിലും പ്രതിപാദിച്ചിട്ടുണ്ടു്. അനൈക്യത്തിന്റെയും അന്തഃഛിദ്രത്തിന്റെയും ബീജങ്ങൾ പാടെ നശിപ്പിച്ചു ഒരു സംഘടിതശക്തിയെ നേടണം എല്ലാ വിഭാഗക്കാരും മുന്നോട്ടു വരുന്നതായാൽ വരാൻ പോകുന്ന ഭക്ഷണക്ഷാമത്തെയും തൊഴിലില്ലായ്മയെയും നേരിടുവാൻ കഴിയുമെന്നു ചന്ദ്രസിങ്ങ് ഉറപ്പു് കൊടുത്തു. ഇരുമ്പഴികൾക്കുള്ളിൽ കിടന്നു കഷ്ടപ്പെടുന്ന ഇന്ത്യൻ ദേശീയ സേനാംഗങ്ങളെ വിമോചിപ്പിക്കേണ്ടതും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അതിപ്രധാനമായ ഒന്നാണു്.

വളരെക്കാലങ്ങളായി ഭക്ഷണം, വസ്ത്രം, മണ്ണെണ്ണ എന്നീ നിത്യോപയോഗസാധനങ്ങളുടെ ദൗർല്ലഭ്യം ഹേതുവായി അത്യന്തം ക്ലേശിച്ചുപോന്ന ഗാർവാലിലെ ജനങ്ങൾ ചന്ദ്രസിങ്ങിന്റെ പ്രസ്തുത സന്ദേശം ശ്രവിച്ചപ്പോൾ വളരെയധികം സന്തുഷ്ടരായിത്തീർന്നു. നേതാവിന്റെ ഈ രക്ഷാമാർഗ്ഗത്തിന്റെ പ്രായോഗികത മനസ്സിലാക്കിയ അവർ അദ്ദേഹത്തിന്റെ മുദ്രാവാക്യങ്ങൾക്കു് പിന്നിൽ അണിനിരക്കുവാൻ തുടങ്ങി.

ചന്ദ്രസിങ്ങ് സ്വാതന്ത്ര്യസമരത്തിലെ ഒരു സുധീര സേനാനിയാണു്. ഏതു ഘട്ടങ്ങളിലും ധൈര്യമവലംബിച്ചു് അക്രമത്തിനെതിരായി പടവെട്ടിക്കൊണ്ടിരിക്കുന്ന ഈ നേതാവു് ഗാർവാലിലെ ജനാവലിയുടെ വിശ്വാസവും സ്നേഹവും ഇതിനകം നേടിക്കഴിഞ്ഞു. ഈ തെരഞ്ഞെടുപ്പിൽ ഒരു കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി മത്സരിക്കുവാനുള്ള നിർദ്ദേശപത്രം കൊടുക്കുവാൻ അദ്ദേഹത്തിനു് അതിയായ ആഗ്രഹമുണ്ടായിരുന്നു എന്നാൽ പതിനാറു വർഷക്കാലം ഭരണകൂടത്തെ ഭയപ്പെടുത്തിവന്ന ഈ യോദ്ധാവിന്റെ സ്ഥാനാർത്ഥിത്വത്തെ അധികാരികൾ നിഷേധിച്ചു. എങ്കിലും ക്ലിഷ്ടതരമായ ഒരു ജീവിതപന്ഥാവിലൂടെ യാത്ര ചെയ്തു ഭാരതഭൂമിയുടെ ഭാസുരമായ ഭാവിയെ കരഗതമാക്കുവാൻ തന്റെ ജീവിതകാലമഖിലം ഉഴിഞ്ഞുവച്ചിട്ടുള്ള ഈ ജനസേവകന്റെ പ്രവർത്തനം പരാധീനഭാരതത്തിനു് ഇനിയും ആവശ്യമായിട്ടാണിരിക്കുന്നതു്.

# അവർ ഇങ്ങനെ പറയുന്നു

## എന്തും ആകാം?

(മംഗളോദയം)

സ്വാതന്ത്ര്യഗ്രഹവും ജയിൽവാസവും കഴിഞ്ഞാൽ ഒരാൾക്കു പിന്നെ എന്തിനെ പററിയും പറയാം; എങ്ങനെയും പറയാം. അങ്ങനെ അനുമാനിക്കേണ്ടിവരുന്നു. ശ്രീ. കേളപ്പൻ ബോംബെയിൽ ചെന്നു ചെയ്ത പ്രസംഗം വായിക്കുമ്പോൾ പണ്ഡിററ്ജിയുടെ അനന്തിരവനെന്നു വിചാരിച്ചോ സാഹിത്യത്തിലും ശിക്ഷണനടപടികൾ എടുക്കാമെന്നു പറഞ്ഞു? പണ്ഡിററ്ജിയും രാധാകൃഷ്ണനുമൊക്കെപ്പറഞ്ഞാൽ കേട്ടുനില്ക്കാം. അവർ സ്വയം പഠിച്ചിട്ടുണ്ടാകാം, ചിന്തിച്ചിട്ടുണ്ടാകാം. മാത്രമല്ല അവർ പറയുന്നതിനൊരന്തസ്സും കാണും. അവരോടു നിലത്തെഴുത്തു് ശീലിച്ചു കണ്ടൊരു മാന്യൻ സാഹിത്യത്തിലായാലും മറെറന്തിലായാലും വലിഞ്ഞുകയറി കക്ഷിബലം കണക്കാക്കി[illegible] പറയുമ്പോൾ "കഃകോത്ര[illegible]" എന്നു ഗൗരവത്തോടുകൂടി അനു[illegible]ക്കേണ്ടി വരും.

## പത്രസ്വാതന്ത്ര്യം

(തുഷാർകാന്തിഘോഷ്)

ഭരണത്തിൽ മൗലികമായൊരു മാററം വന്നാലല്ലാതെ സ്വതന്ത്രമായ പത്രപ്രവർത്തനമൊ വാർത്താവിതരണമൊ സാദ്ധ്യമാവുകയില്ല. ലോകത്തിന്റെയെന്നപോലെതന്നെ ഇന്ത്യയുടെ സമാധാനത്തിനും ഇതാവശ്യമാണു്. പത്രങ്ങൾക്കു ഒരവകാശത്തിട്ടൂരം വേണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ, ഗവർമ്മെൻറു തോന്നുമ്പോൾ തോന്നിയപടി പത്രങ്ങളുടെ മേൽ പിഴയും ദണ്ഡനീതിയും പ്രയോഗിക്കരുതു്. തെരഞ്ഞെടുപ്പിന്റെ ഫലമായി രാഷ്ട്രീയ സ്തംഭനം തീർന്നു് ഒരു ദേശീയഗവർമ്മെൻറു് വരുന്നപക്ഷം പത്രങ്ങൾക്കു സ്വതന്ത്രമായി ശ്വാസോച്ഛ്വാസം ചെയ്യാറാവും. നേരെമറിച്ചു സമരമാണു് വരുന്നതെങ്കിൽ, യുദ്ധത്തിൽ സത്യത്തിനെന്നപോലെ ദേശീയസമരത്തിൽ പത്രങ്ങൾക്കാണു് നാശം സംഭവിക്കുക.

## മേലോട്ടു നോക്കിയാൽ പോരാ

(എം. കെ. ഗാന്ധി)

വളരെ വിഷമം പിടിച്ച കാലമാണു്, നമ്മുടെ മുമ്പിലുള്ളതു്. ജനങ്ങൾക്കു വേണമെങ്കിൽ ഗവർമ്മെൻറിനെ കുററം പറഞ്ഞുകൊണ്ടിരിക്കാം. ഞാനും അതിൽ ചേരാം. കാരണം, ഗവർമ്മെൻറു വേണ്ടത്ര ശ്രദ്ധ അതിൽ ചെലുത്തുന്നില്ല. പക്ഷെ ധാന്യങ്ങൾ വെറുതെ കളയാതിരിക്കാൻ ജനങ്ങൾ അങ്ങേയററം ശ്രമിക്കണം.

മഴയ്ക്കുവേണ്ടി ആകാശത്തേക്കു നോക്കിയിരുന്നിട്ടു പ്രയോജനമില്ല. കൃഷിക്കു വേണ്ട വെള്ളം കൊടുക്കേണ്ടതു് ഗവർമ്മെൻറിന്റെയും എഞ്ചിനീയർമാരുടെയും ജോലിയാണു്.

ബംഗാളിലും, ആസ്സാമിലും, മദിരാശിയിലും പോയ സമയത്തു് ഞാൻ ജനങ്ങളുടെ കണ്ണിൽ പട്ടിണി കാണുകയുണ്ടായി. പട്ടിണിക്കെതിരായ സമരത്തിൽ ഓരോ സ്ത്രീയും പുരുഷനും കുട്ടിയും പങ്കെടുക്കണം.

ഗവർമ്മെൻറിന്റെ നേരെ കല്ലു പെറുക്കി എറിഞ്ഞതുകൊണ്ടു് അവർ ഇളകിയില്ല; സത്യവും അഹിംസയുംകൊണ്ടു് ഇളകാം.

## സ്ഥലം പോരാ

(സർ സി. പി. രാമസ്വാമിഅയ്യർ)

ജനസംഖ്യയെ അടിസ്ഥാനമാക്കി നോക്കുമ്പോൾ തിരുവിതാംകൂർ ആസ്ത്രേലിയായോളം വലുതാണു്. രാജ്യത്തിന്റെ വിസ്താരം 8000 ചതുരശ്രമൈൽ തന്നെ ഇല്ലെങ്കിലും ജനസംഖ്യ 65 ലക്ഷമാണു്. ഈ 8000 ചതുരശ്രമൈലിൽ 2500 ലധികവും തടാകങ്ങളും കായലുകളും വനങ്ങളും കൊണ്ടു് മൂടപ്പെട്ടിരിക്കുന്നു. ബാക്കിയുള്ള കൃഷി ചെയ്യാവുന്ന സ്ഥലങ്ങളിൽ കൃഷിചെയ്തു് ആവശ്യമുള്ള ഭക്ഷണസാധനങ്ങളിൽ 40-45 ശതമാനം ഉൽപ്പാദിപ്പിക്കുന്നുണ്ടു്. കൂടാതെ കഴിഞ്ഞകാലത്തു ജനങ്ങൾ തേയില, റബർ, തെങ്ങു്, കുരുമുളകു്, ഇഞ്ചി, ഏലം മുതലായവ കൃഷിചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിച്ചതുകൊണ്ടു് കൂടുതൽ ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ഇല്ലാതാകയും ചെയ്തിട്ടുണ്ടു്.

## ഫുട്ബോൾതന്നെ

(പി. സി. ജോഷി)

നാട്ടുകാരുടെ ഭക്ഷണപ്രശ്നം ഒരു രാഷ്ട്രീയ ഫുട്ബോളാക്കരുതെന്നു വിവിധകക്ഷികളി

# ചിത്രോദയം

## പ്രസ്താവന.

ചിത്രോദയത്തിന്റെ അച്ചടിക്കാര്യം കൂടുതൽ ഭംഗിയാക്കുന്ന മാർഗ്ഗങ്ങളിൽ അതിന്റെ പ്രവർത്തകന്മാർ ശ്രദ്ധിച്ചുകൊണ്ടിരിക്കയാണ്. അച്ചടിക്കാര്യത്തിലുണ്ടായ ചില അസൗകര്യങ്ങൾ നിമിത്തമാണ് കഴിഞ്ഞ രണ്ടുമൂന്ന ലക്കങ്ങൾ താമസിച്ചിറക്കുവാൻ ഇടയായതു്. ഈ അസൗകര്യങ്ങൾ ഞങ്ങൾ പരിഹരിച്ചിരിക്കുന്നു. ഇനിമുതൽ ചിത്രോദയം കൃത്യ ദിവസംതന്നെ എല്ലാ സ്ഥലത്തും വിതരണം നടത്താൻ സാധിക്കുമെന്ന ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നുണ്ടു്. തന്നെയല്ല ഒരു യഥാർത്ഥ പുരോഗമന വാരികക്കു ആവശ്യമായ കൂടുതൽ മാററങ്ങളോടുകൂടി ചിത്രോദയം ഉയർത്തുന്നതിനും ഞങ്ങൾ സശ്രദ്ധം പരിശ്രമിക്കുന്നതാണ്.

ചിത്രോദയത്തിനു വളരെയധികം സഹൃദയന്മാർ ലേഖനങ്ങൾ അയച്ചുതരുന്നുണ്ടു്. പ്രസിദ്ധീകരണാർഹങ്ങളല്ലാത്ത ലേഖനങ്ങൾ മടക്കിയയക്കണമെന്ന ചിലർ നിർബന്ധം പിടിക്കുന്നു. ലേഖനങ്ങൾ മടക്കി അയക്കുക എന്നതു ശ്രമസാദ്ധ്യമായ ഒരു കാര്യമത്രെ. അതുകൊണ്ടു ഇക്കാര്യത്തിൽ ലേഖകന്മാർ നിർബന്ധിക്കാതിരിക്കണമെന്ന പ്രത്യേകം അപേക്ഷിക്കുന്നു. ജീവചരിത്രം, തൂലികാചിത്രം, സാഹിത്യനിരൂപണം, ഈ മാർഗ്ഗങ്ങളിലുള്ള നല്ല ലേഖനങ്ങൾക്കു ഞങ്ങൾ കൂടുതൽ പ്രാമുഖ്യം നൽകുന്നതാണ്.

ഈ ചുരുങ്ങിയ കാലത്തെ അനുഭവംകൊണ്ടു, കേരളത്തിലും വെളിയിലുമുള്ള വായനക്കാരിൽ ഒരു വലിയ ഭാഗത്തെ ചിത്രോദയത്തിനു ആകർഷിക്കുവാൻ കഴിഞ്ഞു എന്നു ഞങ്ങൾ മനസ്സിലാക്കുന്നുണ്ടു്. അവർ വിശ്വസിക്കുന്ന അഭിമാനാർഹമായ ആ മണ്ഡലം തന്നെയാണ് ചിത്രോദയത്തിന്റെ ലക്ഷ്യം.

---

ളെ നേതാക്കന്മാരും പത്രങ്ങളും അഭ്യർത്ഥിക്കയുണ്ടായി. എന്നാൽ മററുള്ളവർക്കു നല്ല ഉപദേശമെല്ലാം കൊടുത്തതിനുശേഷം അവർതന്നെ ചെയ്യുന്നതു് സ്വന്തം ഇഷ്ടമനുസരിച്ചു പ്രവർത്തിക്കലാണ്. മറെറാരുവിധത്തിൽ പറകയാണെങ്കിൽ ഭക്ഷണപ്രശ്നത്തെ സ്വന്തം താൽപ്പര്യത്തിനെ തിരാവാത്ത വിധത്തിൽ ഉപയോഗപ്പെടുത്തണമെന്നാണ്, അതിനെ സ്വന്തം താൽപ്പര്യത്തിനനുകൂലമായ വിധത്തിൽ ചൂഷണം ചെയ്യണമെന്നാണ ഓരോ കക്ഷിയും താൽപ്പര്യക്കാരും ആഗ്രഹിക്കുന്നതു്.

വൈസ്രോയി സഹകരണത്തിനു അഭ്യർത്ഥിച്ചിട്ടുണ്ടു്. അദ്ദേഹത്തിനു ഇത്രമാത്രമെ ആവശ്യമുള്ളു. കോൺഗ്രസ്സ്-ലീഗ് നേതാക്കന്മാർ രേഷൻ ചുരുക്കുന്നതിനെ അനുകൂലിക്കണം, ഭക്ഷണകാര്യം ഒരു ബഹുജന പ്രക്ഷോഭണത്തിന്റെ വിഷയമാക്കരുതു്, തെരഞ്ഞെടുപ്പു കഴിയുംവരെ ഇതെല്ലാം അദ്ദേഹത്തിനു വിട്ടുകൊടുക്കണം.

## വഴിയിൽക്കണ്ട പെണ്ണ്

(ജെ. വി. രൂപാംഗിനി)

എവിടെച്ചെല്ലുമ്പോഴും "ജയ് ഹിന്ദ്" ശബ്ദമാണ് നമ്മുടെ കർണ്ണങ്ങളിൽ മാറെറാലിക്കൊള്ളുന്നതു്. ഈ മാററമെങ്ങനെ ഉണ്ടായി? വന്ദേമാതരത്തിന്റെ ചരിത്രം പഴക്കമേറിയതാണ്. ദേശാഭിമാനികളുടെ ത്യാഗത്തിന്റെയും യാതനകളുടെയും ദുരന്തദുരിതങ്ങളുടെയും ഒരു ചരിത്രം അതിന്റെ പിന്നിലുണ്ടു്. വന്ദേമാതരം പാടിയതിനു നമ്മുടെ നാട്ടുകാരിൽ വളരെയധികംപേർ ജയിൽവാസം വരിച്ചിട്ടുണ്ടു്. ചിലരെ 7 വർഷത്തെ തടവിനു ശിക്ഷിച്ചിട്ടുണ്ടു്. നമ്മുടെ ദേശീയജീവിതത്തിൽ അതിപാവനമായ ഒരു സ്ഥാനമാണ് അതിനുള്ളതു്. ആ വന്ദേമാതരം നമ്മുടെയിടയിൽ നിന്നു് അപ്രത്യക്ഷമാവുകയെന്നോ? വിവാഹിതനായ ഒരാൾ തന്റെ പഴയ പത്നിക്കുപകരം വഴിയിൽനിന്നു കണ്ടുകിട്ടിയ സൗന്ദര്യവതിയായ ഒരു പെണ്ണിനെ വരിക്കുന്നതിനു തുല്യമല്ലേ ഇന്നുകാണുന്ന ഈ മാററം.

# പതിമൂന്നാം പേജ്

(ബാലൻ)

ബാലന് പനിയായിരുന്നു. സുഹൃത്തുക്കൾ ക്ഷമിക്കണം.

ഇതിനിടയിൽ സംഭവങ്ങൾ പലതും നടന്നു കഴിഞ്ഞിരിക്കുന്നു. തിരുവിതാംകൂറിൽ ഭരണപരിഷ്കാരം ഉണ്ടായി. ബോംബയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ആഫീസ് തീകത്തിച്ചു. വട്ടിപ്പണക്കേസിൽ ഇരുകക്ഷികളും തെററാണെന്ന് കണ്ടുപിടിച്ചു. ബാററ്‌വിവാഹം മാനസാന്തരപ്പെട്ടു. അങ്ങിനെ ഒട്ടുവളരെ.

വലിയ കെട്ടിടങ്ങൾ പണിയുന്നതിനു മുമ്പിൽ കരിങ്കണ്ണന്മാരുടെ നോട്ടം പററാതിരിക്കുവാൻ ചില പാവകൾ ഉണ്ടാക്കിവയ്ക്കാറുണ്ട്. നോക്കുന്നവരുടെ ശ്രദ്ധ പാവയിലേക്ക് ആകർഷിക്കപ്പെടട്ടെ എന്നാണ് വെയ്പ്പ്. ലോകമൊട്ടാകെ ഭരണങ്ങൾ ഇടിച്ചുപൊളിച്ച് പുതുക്കി പണിയുകയാണ്. കരിങ്കണ്ണന്മാർ ഇവിടെയും വളരെയുണ്ട്. അതുകൊണ്ട് നമുക്കുമിരിക്കട്ടെ ഒരു "നോക്കു കുത്തുന്ന പാവ" പൊട്ടക്കലത്തിന്റെ പുറത്ത് ചുണ്ണാമ്പുകൊണ്ട് രണ്ടു വട്ടമിട്ടാൽ തലയായി. പ്രായപൂർത്തിയായ വയ്ക്കോൽകൊണ്ട് ഒരു ശരീരം കെട്ടിയുണ്ടാക്കുക. അതിന്മേലല്ലു കലം വെയ്ക്കേണ്ടത്. അതിന് ഒരു മുളക്കഷണം വയ്ക്കോലിനകത്തുകൂടി കുത്തിയിറക്കുക. (അതു് ആരും കണ്ടില്ലെന്ന് ഭാവിച്ചുകൊള്ളണം) ഇനി എത്രവേണമെങ്കിലും നോക്കിക്കൊള്ളുക. പട്ടവും പുന്നൂസും എത്രവേണമെങ്കിലും കണ്ണുവെച്ചോട്ടെ. നാൻ പാർപ്പാം.

X X X

കമ്മ്യൂണിസ്റ്റ്‌കാരു് സായ്‌പിന്റെ എജന്റാണ്. അതുകൊണ്ട് അവരുടെ ആഫീസിനു് തീവയ്ക്കാം. അവിടെ പോലീസ്‌കാരു് വരുകയില്ലല്ലോ. അഥവാ വന്നാൽതന്നെ "സമാധാനലംഘനത്തിനു" "രണ്ടോ നാലോ കമ്മ്യൂണിസ്റ്റ്‌കാരെ മാത്രമെ അറസ്റ്റ് ചെയ്കയുള്ളു. നമ്മളൊക്കെ ദേശീയക്കാരല്ലെ. നമ്മളെ അറസ്റ്റ്ചെയ്യുമോ. ഞങ്ങൾ വിടുന്ന കൂട്ടരല്ല. ഞങ്ങളുടെ വല്യപ്പൂപ്പന്മാർ പണ്ട് ജർമ്മൻപാർലമെന്റ് മന്ദിരത്തിനു് തീവച്ചതിനു്ശേഷം കമ്മ്യൂണിസ്റ്റുകാരുടെ മേൽ കേസെടുത്തതു് കേട്ടിട്ടുണ്ടോ. ഇതേ കമ്മ്യൂണിസ്റ്റുകാരുടെ ദ്രോഹം നിറുത്താനാണ് ഞങ്ങളും ഫ്രാങ്കോയുംകൂടി സ്പെയിനിൽ പള്ളിക്ക് തീവച്ചിട്ട് ഫോട്ടോയെടുത്ത് പുറത്തയച്ചുകൊടുത്തതു്. വല്ല സംശയവുമുള്ളവരുണ്ടെങ്കിൽ കൽക്കട്ടായിലേക്ക് വരിക. ഒരു പള്ളിയെ അട്ടത്തുണ്ടായിരുന്നുള്ളൂ. അതു ഞങ്ങൾ ചുട്ടു. കുറെനാളായി ആ പള്ളി പാകിസ്താനെപ്പററിയും ജനകീയസംഘത്തെപ്പററിയും പ്രസംഗിക്കുന്നു. ഞങ്ങളെ, ഞങ്ങളൊരു പ്രത്യേകവർഗ്ഗമാണ്. ചൈനയിൽ അമേരിക്കയും ഞങ്ങളും കൂടി എന്തു് ഭേഷായിട്ടാണ് ജോലി ചെയ്യുന്നതെന്നറിയാമോ. ഇവിടെയും ഞങ്ങൾ കുറയ്ക്കുകയില്ല. മലബാറിൽ രണ്ടെണ്ണത്തിന്റെ ചങ്കിനു് ഞങ്ങൾ കുത്തികയററി. അവററകൾ ചത്തില്ലെന്നു മാത്രം. കൊല്ലാൻ അറിഞ്ഞുകൂടാഞ്ഞിട്ടല്ല. ബീഹാറിലും, ബങ്കാളിലും, പൂനായിലും അതു് ഞങ്ങൾ പററിച്ചിട്ടുണ്ട്. കാശ്മീനദശർമ്മയെന്നു് ഒരുത്തൻ പ്രധാനമന്ത്രിക്കെതിരു് സ്ഥാനാർഥി. അവനാരാ ഇത്രയും അഹംഭാവം കാണിക്കാൻ. ഞങ്ങളെല്ലുടുത്തിട്ട് ഒരു കഷായമങ്ങ് കൊടുത്തു. പക്ഷേ ചത്തില്ല. അതെങ്ങിനെയും പട്ടിണികിടന്ന് തരംകണ്ടുപോയവനാ. എന്താ ചെയ്യുക. ഒരൊററ ഉച്ചഭാഷിണി ഞങ്ങൾ തന്നയക്കുമെന്ന് അറിക്കണ്ട. ഞങ്ങൾ ചെയ്യുന്നതെന്താണെന്ന് ഞങ്ങൾക്കറിവില്ലെങ്കിലും ഞങ്ങളുടെ യജമാനന്മാർക്കറിയാം. ഞങ്ങളെ തട്ടുകാരമെന്നാരും വിചാരിക്കണ്ട. ഞങ്ങളുടെ പേർ ലെഗ്യോൻ എന്നാണ്.

ഉത്തരവാദിത്വമോ? ആർക്കും ഉത്തരവാദിത്വമില്ല. ഉള്ളതൊക്കെ ബ്രിട്ടീഷ്‌കാർക്ക്. ഉത്തരവാദിത്വഭയമുള്ളവരൊക്കെ അലഹബാദിൽ ചെല്ലുക. അവിടെ പീലാത്തോസിന്റെ കൈകഴുകിയ വെള്ളമുണ്ട്. പ്രയാഗത്തിൽ കൈകഴുകിക്കൊള്ളുക. പിന്നെ ഉത്തരവാദിത്വം നാസ്തി. പട്ടാഭിയുടെ ദണ്ഡഗീതസിന്ദാബദ്

പണ്ട് പൂച്ചകൾ അപ്പം പങ്കിടാൻപോയ കഥ എല്ലാവർക്കും അറിയാമല്ലൊ. യാക്കോബായ സുറിയാനിക്രിസ്ത്യാനികൾക്ക് പ്രത്യേകിച്ചും.

കല്യാണിയും കാർത്ത്യായനിയും തമ്മിൽ ഒരു തർക്കം. ആരാണ് സുന്ദരിയെന്ന്. രാമച്ചാർ ഒരു തീർപ്പ് കല്പിച്ചു; തന്റെ രണ്ടാംവേളി മാധവിയാണെന്ന്.

ഇതാണ് പറയുന്നത് ജുഡിഷ്യറി സ്വാതന്ത്ര്യമാണെന്ന് മനസ്സിലായോ മറയാ.

X X X

തിരുവിതാംകൂർ പുരോഗമിക്കുകയാണെന്ന് ചിരംജീവി പറയുന്നു. ഭരണപരിഷ്കാരവും.

നെല്ലുകുത്തും അമേരിക്കൻ മോഡൽ. പ്രസവം അനവധി. വിസ്തീർണ്ണം ഞങ്ങളൊക്കെ പഠിച്ചകാലത്തു് 7625 ച. മൈലായിരുന്നു. ഇപ്പോൾ 8000 പഴയ രാമന്റെ പരശു കൈവശം കിട്ടിയെന്നുണ്ടോ.

X X X

കാമരാജനും വാത്സ്യായനനും പറയുന്നു തമിഴ്നാട്ടിൽ 'ക്ലിക്ക്' ഇല്ലെന്നു്. ഗാന്ധിജി പറയുന്നു ക്ലിക്ക് ഉണ്ടെന്നു്. നിരാഹാരവ്രതംകൊണ്ടു് ഭയപ്പെട്ടു. തരമെന്നാണു് വൃദ്ധന്റെ മുന്നറിയിപ്പ്. കൊല്ലക്കുടിയിലാ സൂചി വില്ക്കാൻ പോകുന്നതു്.

കളിമാത്രമല്ല കാര്യവുമിതിലുണ്ടു്. ഗാന്ധിജിയുടെ ഈ നില അല്പം അപകടകരമാണെന്നു് പറയാതെ നിവൃത്തിയില്ല. മധുരയിലെ രാജാജി വിരുദ്ധസംഘത്തിന്റെ അഭിപ്രായം ഗാന്ധിജി ലീഗിന്റെ ഏജണ്ടാണെന്നാണു്. കേളപ്പന്റെ അഭിപ്രായം ഗാന്ധി ബ്രിട്ടീഷേജണ്ടാണെന്നാണു്. പ്രകാശം പറയും ഇതു രണ്ടും കൂടിയതാണെന്നു്, അഥവാ കമ്മ്യൂണിസ്റ്റാണെന്നു്. രാജാജിയും, ദേശായിക്കും, സരോജിനിക്കും പററിയ ഈ അമളി, നെഹ്റുവിനും, ഗാന്ധിജിക്കും പററിയകാര്യം പുറത്താകുവാനും, രാജേന്ദ്രപ്രസാദിനും ഗഫർഖാനും ബി സി റോയിക്കും പററുവാനും, എത്രകാലം വേണ്ടിവരുമെന്നു് ഗണിച്ചു പറയാമോ കണിയാരേ.?

X X X

രാജി പിന്നെയുമുണ്ടു്. കാമരാജനാടാർ കണ്ടുപിടിച്ചിരിക്കുന്നു, ഗാന്ധി കൈകടത്തുന്നുവെന്നു്. അയ്യയ്യേ മോശം. ഗാന്ധി ഇങ്ങനെ ചെയ്യുമോ. അദ്ദേഹം ബനിയാനല്ലേ. ഞാനും ബ്രാഹ്മണവിരോധിയാണു്. അതു മാറ്റാൻമാത്രം കമ്മ്യൂണിസ്റ്റ് വിരോധമുണ്ടു്. എങ്കിലും ആ കിഴവൻ അല്ലെങ്കിൽ പ്രകാശത്തിനോടു ചോദിച്ചുനോക്കു. ഗാന്ധി പക്ഷപാതിയാണെന്നു് അദ്ദേഹവും പറയും. ഗാന്ധിജി എല്ലാം തെററിദ്ധരിച്ചിരിക്കയാണു്. മദ്രാസിൽ ഒരു 'ക്ലിക്ക്'മില്ല. ആന്ധ്രാ തമിഴ് വഴക്കില്ല. പട്ടാഭി, പ്രകാശം, രാജാജി ഇവർ അത്മപ്രധാനമന്ത്രിയാകാൻ മത്സരിക്കുന്നില്ല. ബ്രാഹ്മണവിരോധമില്ല. പിന്നെ ചുമ്മാ ഒരു കളിയെന്നു മാത്രം മാളോരേ!

X X X

നാടാർക്ക ബഹുമാനംകുറഞ്ഞപ്പോൾ വൈസ്രോയിക്കുണ്ടായിവരുകയാണു്. ഗാന്ധിയെ ചെന്നുകണ്ടാൽ ഭക്ഷണക്കുഴപ്പം തീരുമെന്നാണു് ഭാവം. കരിഞ്ചന്തയെയും കൈക്കൂലി ഉദ്യോഗസ്ഥന്മാരെയും വച്ചു പുലർത്തി ക്ഷാമമുണ്ടാക്കുന്ന ഗവണ്മെൻറുനടത്തുന്ന ഗാന്ധിയുടെ കൊട്ടാരത്തിനു് മുമ്പിൽ ശ്രീയുത് ഡേവൽ അധികാരം വിട്ടുകിട്ടാൻവേണ്ടി സത്യാഗ്രഹം അനുഷ്ഠിക്കാൻപോകുന്നതായവന്നും കേട്ടു. അമ്പൊ കലികാലം! പണ്ടു് സിംലാസമ്മേളനം പരാജയപ്പെട്ടതിന്റെ ഉത്തരവാദിത്വം ഏററെടുത്തയാളാണു്. പരമദയാഗൃഹൻ.

X X X

ഡൽഹിയിൽനിന്നൊരു പത്രം ഭയങ്കരമായി നിലവിളിച്ചുതുടങ്ങിയിരിക്കുന്നു. വിമാനാക്രമണമുന്നറിയിപ്പാണെന്നു വിചാരിച്ചു് ആളുകൾ ഒന്നു ഭയന്നു. പിന്നെയാണു കാര്യം മനസ്സിലായതു്. മി. എടത്തട്ട നാരായണന്റെ പത്രത്തിനെ ആരോ കമ്മ്യൂണിസ്റ്റെന്നു് ചീത്തപറഞ്ഞുവത്രെ. പത്രത്തിന്റെ പേരു് "ജനത." ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ജനിക്കുന്ന ജനതയെ സംശയിക്കാൻ പററിയ കാരണവുമുണ്ടു്. ലേഖനംകൊണ്ടും സന്ദേശംകൊണ്ടും അതിനകത്തുവന്നിട്ടുള്ള പേരുകൾ കേട്ടാലറിയാം. യൂസഫ് മെഹറാലി, കമലാദേവി ചട്ടോപാദ്ധ്യായ, അശോകമേത്താ, നരേന്ദ്രദേവ്, അരുണാ അസഫ് അലി, ഇനിയുമുണ്ടു് അതേയിനം. പോരെങ്കിൽ മസാനിയും. എന്നിട്ടും കമ്മ്യൂണിസ്റ്റാണോ എന്നൊരു സംശയം. ആരാണെടാ ആ സംശയക്കാരൻ?

പിന്നെയൊരുകാര്യം. പത്രത്തിന്റെ ഗെററപ്പ് വളരെനല്ലതാണു്. നല്ല കടലാസ്, നല്ല അച്ചടി, അനവധി പടങ്ങൾ, തൊഴിലാളികൾക്കും കർഷകനും പ്രത്യേകസ്ഥലം. പരസ്യമൊന്നുമില്ല. ഒരു അൽഭുതമെയുള്ള അതുകപ്പാടെ നോക്കിയാൽ ഒരു കോപ്പിക്കു് എട്ടണയെങ്കിലും ചെലവുവരുന്ന ലക്ഷണമുണ്ടു്. വില നാലണമാത്രം. പരസ്യം സ്വീകരിക്കുകയുമില്ല. ഈ പുള്ളിക്കാരനെ കോട്ടയത്തുവച്ചു് കണ്ടിട്ടുണ്ടെന്നു് ഒരോർമ്മയുണ്ടു്. ഇദ്ദേഹത്തിനു് ഈ സ്വർണ്ണഖനികളൊക്കെ എവിടെകിട്ടിയെന്നാണു് അത്ഭുതം.

X X X

ഇൻഡ്യയുടെ ധനകാര്യമന്ത്രി "ശങ്കറു"ടെ ഹാസ്യചിത്രമുള്ളഹിന്ദുസ്ഥാൻ ടൈംസ്സ് മാത്രമെ വായിക്കാറുള്ളുവെന്നു പറയുന്നു. ഇതു ബുദ്ധിമുട്ടാണോ. കണ്ണാടിയെടുത്തുനോക്കിയാൽപോരേ?

ചെറുകഥ

# സമരം

(ഡി. എം. പൊറ്റെക്കാട്ട്)

സഹോദരിയുടെ പണ്ടം പണയംവെച്ചു് 60 രൂപ, രണ്ടുമുണ്ടു്, രണ്ടു ഷർട്ടു്, ഒരു ട്രൗസർ, ഒരു കോട്ടു് ഇത്രയും സാധനങ്ങളേയുള്ള ബാലൻ വീട്ടുവിട്ടപ്പോൾ. നേരം പുലരുന്നതിനുമുമ്പേ അയാൾ പടിയിറങ്ങി. അതുവരേയും ശകുനത്തിലും, കണികാണലിലുമൊന്നും അയാൾക്കു വിശ്വാസമുണ്ടായിരുന്നില്ലെങ്കിലും അന്നു് അയാളതു് അനുസരിച്ചു. യാത്രപറഞ്ഞപ്പോൾ തന്റെ വൃദ്ധയായ അമ്മയും സഹോദരികളും വാവിട്ടു കരഞ്ഞു. അതുകണ്ടു് അയാളുടെയും കണ്ണുകൾ നിറഞ്ഞു. പിന്നെ യാതൊന്നും പറയാൻ കഴിയാതെ അയാൾ തിരിഞ്ഞുനോക്കാതെ തിരക്കിനടന്നു.

*  *  *

ആദ്യത്തെ ബസ്സു് പുറപ്പെടുന്നതിനു വളരെ മുമ്പുതന്നെ ബാലൻ ബസ്സ്സ്റ്റാണ്ടിലെത്തി. പക്ഷേ, ബസ്സു നിറഞ്ഞു കഴിഞ്ഞിരുന്നു. മുൻസീറ്റുമാത്രം ഒഴിവുണ്ടു്. തന്റെ ചെറിയ ലതർബേഗ് ബസ്സിന്റെ മുകളിലിട്ടു് ബാലനവിടെ കയറിയിരുന്നു.

“എയ്! അവിടെ ആളുണ്ടെടോ.” നേന്ത്രപ്പഴം വായിലിട്ടു ചവച്ചിരുന്ന കണ്ടക്ടർ ചായപ്പീടികയിലിരുന്നു് ഒരു സർവാധിപതിയുടെ അധികാരസ്വരത്തിൽ വിളിച്ചുപറഞ്ഞു. ബാലനതു കേൾക്കാത്ത ഭാവത്തിൽ അവിടെത്തന്നെ ഇരുന്നതേയുള്ളു. ടിക്കററില്ലാതെ തീവണ്ടിയിൽ സഞ്ചരിക്കുന്ന ഒരു “കള്ളവണ്ടിപ്പയ്യ”ന്റെ ഹൃദയപ്പിടച്ചിലോടെയായിരുന്നു ആ ഇരുത്തം.

തങ്ങളുടെ ആജ്ഞ അനുസരിക്കാത്തതിൽ അരിശം മൂത്താണു്, കാപ്പികുടി കഴിഞ്ഞു, കണ്ടക്ടരും ഡ്രൈവറദ്ദേഹവും പുറത്തുവന്നതു്.

വന്ന വഴിയെതന്നെ കണ്ടക്ടർ ബാലന്റെ സൂട്ട്കെയിസെടുത്തു പുറത്തിട്ടു. ഡ്രൈവർ എഞ്ചിൻ പ്രവർത്തിപ്പിച്ചു.

“എന്താഹേ? ഞാനും പൈസ കൊടുത്തിട്ടല്ലെ യാത്രചെയ്യാനുദ്ദേശിക്കുന്നതു്?”

“എന്താ? നിയമം പഠിപ്പിക്കാൻ വന്നിരിക്കയാണോ?” ബാലനിരുന്ന ഇരുപ്പിടം എടുത്തു നീക്കിവെച്ചുകൊണ്ടു കണ്ടക്ടർ കല്പിച്ചു ‘റൈററ്’

വണ്ടി ഇളകി. ബാലൻ ബദ്ധപ്പെട്ടു താഴെ ഇറങ്ങി.

അയാൾക്കു് അവരോടു് പലതും സംസാരിക്കേണമെന്നുണ്ടായിരുന്നു. അങ്ങിനെയുള്ള അന്യായങ്ങളുടെനേരെ അഭിമാനമില്ലാതെ കണ്ണടയ്ക്കുന്ന കൂട്ടത്തിലുള്ള ഒരാളല്ല ബാലൻ. എന്നാൽ, അന്നയാൾ ഒന്നും പറഞ്ഞില്ല. സൂട്ട്കെയിസിന്റെ പൊടിതട്ടി അടുത്ത ബസ്സും കാത്തു് ഒതുങ്ങിനിന്നു.

*  *  *

രണ്ടാമത്തെ ബസ്സുവന്നു. മടങ്ങിപ്പോകുമ്പോൾ ഉണ്ടാകാൻ പാടുള്ളത്ര യാത്രക്കാരേയും വഹിച്ചുകൊണ്ടാണു് ആ ബസ്സു്, പുറപ്പെടേണ്ടദിക്കിലെത്തിയതുതന്നെ! അതിലും ഒരൊഴിവുമില്ല. രണ്ടു ബസ്സിൽ നിറയ്ക്കാനുള്ളതിലധികം ആളുകളവിടെ കാത്തുനില്പുമുണ്ടു്. ബാലൻ അതിരററ വിനയപൂർവം കണ്ടക്ടരെ സമീപിച്ചു.

“ഒറ്റ ഒരു സീറെറാഴിവുണ്ടു്. അതു വേറൊരാൾക്കു് ഒഴിച്ചിട്ടിരിക്കുന്നതാണു്.” ആ മഹാനുഭാവൻ കൈമലർത്തി.

“അയ്യോ! എനിക്കു് സിലോണിലേക്ക പോകേണ്ടതാണു്. മെയിൽവണ്ടി കിട്ടാതെ പോയാൽ മഹാ കുഴപ്പമാകും.” ബാലൻ പൂർവാധികം എളിമ കൈക്കൊണ്ടു.

“ഞാനെന്താ വേണ്ടു? ആ മനുഷ്യൻ ഇരട്ടിച്ചാർജ്ജു് തരാമെന്നേറ്റിട്ടാണു് ആ സീററ്.”

“അത്രയും സംഖ്യ ഞാൻ തന്നേക്കാം. എന്നാലും നിങ്ങളൊരു വിട്ടുവീഴ്ച ചെയ്യണം” ബാലൻ അപേക്ഷിച്ചു.

“ആട്ടെ. നിങ്ങൾ കയറിയിരിക്കൂ.”

ഒരു ചെറുപ്പക്കാരിയായ മിസ്സിസ്സിന്റെ മടിയിൽ ബാലനൊരു സീററു കൊടുത്തു. വേറൊരവസരത്തിലായിരുന്നുവെങ്കിൽ ബാലനതു സ്വീകരിക്കില്ലായിരുന്നു. ആ മിസ്സിസ്സ് അത്രമാത്രം വെറുപ്പും വിസമ്മതവും പ്രദർശിപ്പിച്ചിരുന്നു.

*  *  *

ബസ്സു് തീവണ്ടിയാപ്പീസിലെത്തുമ്പോൾ, തീവണ്ടിവരാൻ ആറു മിനിററേ ഉള്ളു. മനുഷ്യനെപ്പിടിച്ചു് ഒരു മാല കെട്ടിയതുപോലെയുള്ള ഒരു നീണ്ട ക്യൂ. ബാലനും അതിന്റെ പുറകിൽതന്നെ ചെന്നുനിന്നു.

മൂന്നു മിനിട്ടുകഴിഞ്ഞു. പെട്ടെന്നു ടിക്കററു വിൽക്കുന്ന ജനൽവാതിലിന്റെ വിടവിൽ എന്തോ ഒരു വീഴ്ച!

“എന്താ അതു്, എന്താ അതു്?” എല്ലാവരും ഒപ്പം അന്വേഷിച്ചു

“ഒന്നുമല്ല; ടിക്കററു തീർന്നുന്നു് മാത്രം”. ബാലന്റെ അടുത്തുനിന്നിരുന്ന പോർട്ടർ നേരിയൊരു പരിഹാസസ്വരത്തിൽ പറഞ്ഞു.

“അയ്യോ!” ബാലന്റെ ഹൃദയത്തിൽനിന്നു് ഒരാളൽ.

"ടിക്കറ്റു ഞാനെടുത്തുതരാം സാറെ. 2 ക കൂടെ കൊടുക്കണം." പോർട്ടർ അടുത്തുകൂടി.

"ഏഴരയുക്കാൽ ഉറുപ്പികയുടെ ടിക്കറ്റിന്നു രണ്ടുറുപ്പിക കമ്മീഷൻ!" ബാലൻ അത്ഭുതപ്പെട്ടുപോയി.

"വേണെങ്കിൽ മതി." യാത്രക്കാരുടെ മനശ്ശാസ്ത്രമറിയുന്ന ആ കൃമികാരൻ വീണ്ടും ഒരു പരിഹാസച്ചിരിയോടെ നീട്ടിനടന്നു.

"ഇതാ." ബാലൻ അവനെ തിരിച്ചുവിളിച്ചു. "ഒരുറുപ്പിക പോരെ?"

പോർട്ടർ, ഒരു കാണ്ടാമൃഗത്തെപ്പോലെ കഴുത്തുപിടിച്ചു തിരക്കിനടന്നു. ഉടനെ ബാലൻ അവനെ പിൻതുടർന്നു് ഒരു പത്തുറുപ്പികയുടെ നോട്ടു കൊടുത്തു. തനിക്കീ പത്തുറുപ്പികയൊന്നും അത്ര വിലയില്ലാത്ത മട്ടിൽ പോർട്ടർ ഉറുപ്പിക വാങ്ങി, വേഗം നടന്നു. പോർട്ടർ പോയിക്കഴിഞ്ഞപ്പോഴാണു ബാലനോർത്തതു്, അവനിനി തിരിച്ചുവന്നില്ലെങ്കിലോ എന്നു്.

ബാലൻ ശ്വാസമടക്കിപ്പിടിച്ചു കാത്തുനിന്നു. ഇതിലിടയ്ക്കു വണ്ടിവന്നു. പോർട്ടറെ കാണാനില്ല. ആദ്യത്തെ വിസിലൂതി. രണ്ടാമത്തേതും!

"ഇനി എനിക്കുള്ളതെടുക്കു്." ബാലന്റെ പിന്നിൽതന്നെ നിന്നിരുന്ന പോർട്ടർ ആവശ്യപ്പെട്ടു.

"തനിക്കല്ലെ തന്നതു ഞാൻ രണ്ടേകാൽ ക!"

"അതു ക്ലാർക്കിനുള്ളതാ."

"ക്ലാർക്കും താനും!" തർക്കിച്ചുനില്ക്കാൻ സമയമില്ല. ആ ബാലൻ വേഗം അവനും ഒരെട്ടണ കൊടുത്തു ടിക്കറ്റുവാങ്ങി, വണ്ടിയിലേക്കോടി.

ഭാഗ്യം! അനവധി മുറികളുണ്ടു് ഒഴിഞ്ഞുകിടക്കുന്നു. ബാലനാശ്വാസംകൊണ്ടു. പക്ഷേ, അതൊന്നാംക്ലാസ്സു മുറികളല്ല. ഭാഗ്യവാന്മാർക്കുള്ള ഒന്നും രണ്ടും തരങ്ങളാണു്. മൂന്നാംക്ലാസ്സു് മുറികളുടെ വാതില്പടികളിൽ ആളുകൾ തൂങ്ങിക്കിടക്കുകയാണു്. ബാലൻ നാലുചുറ്റും അങ്ങോട്ടുമിങ്ങോട്ടുമായി ഓടിനടന്നു. ഒരുവിധേനയും അതിലൊന്നു് കേറിക്കൂടാൻ കഴിവില്ല.

വണ്ടി ഇളകേണ്ട ലക്ഷണങ്ങൾ കേട്ടു. ബാലന്റെ മനസ്സു മരവിച്ചു. പെട്ടെന്നു് ഒരു മൂന്നാംക്ലാസ്സു് മുറിയുടെ ഇടുങ്ങിയ മൂലയിൽനിന്നു് ആരോ അയാളെ വിളിച്ചു. "മിസ്റ്റർ മിസ്റ്റർ, ഇവിടെയൊന്നു ശ്രമിച്ചുനോക്കു." കീറിയ ഖദർഷർട്ടിട്ട ഒരു യുവാവു ബാലന്റെ പെട്ടി വാങ്ങി അകത്തുവെച്ചു. വണ്ടി ഇളകി. ബാലൻ തലകീഴായി ജനലിക്കൂടി ഒരു കസർത്തു നടത്തി.

* * *

"ഹാവൂ! ഒരു പുനർജന്മമെടുത്ത ബുദ്ധിമുട്ടു്!" ബാലനൊന്നു ശ്വാസമയച്ചു.

"എത്രജന്മമെടുത്ത ഓർമ്മയുണ്ടു് നിങ്ങൾക്കു്?" ബാലന്റെ അതിഥേയൻ ചിരിച്ചുംകൊണ്ടു ചോദിച്ചു.

അതിലെ കവിത ബാലനു മനസ്സിലായെങ്കിലും അയാൾ മൌനമവലംബിച്ചതേയുള്ളു.

"അല്ലാ! ഈ യുദ്ധവും മറ്റും നിലച്ചിട്ടും ഈ പൊല്ലാത്ത ഗവർമ്മെന്റിനു കുറെ വണ്ടിയും ബസ്സും വർദ്ധിപ്പിക്കരുതോ?" ഒരു യാത്രക്കാരൻ ആരോടെന്നില്ലാതെ ഇങ്ങനെ ചോദിച്ചു.

"ഇന്നുള്ള ഗവർമ്മെന്റു് എന്റേയും നിങ്ങളുടേയുമല്ലാത്തതുകൊണ്ടുതന്നെ." ആദ്യത്തെ യുവാവു് അതിനു മറുപടി പറഞ്ഞു.

"യുദ്ധം കഴിഞ്ഞാൽ സ്വാതന്ത്ര്യം കിട്ടുന്നല്ലെ കേട്ടിരുന്നതു് എന്നിട്ടെന്തായാവോ?" ആ തടിയൻ മാപ്പിള വീണ്ടും പറഞ്ഞു.

"എനിക്കും നിങ്ങൾക്കും ആവശ്യമില്ലാത്തതുകൊണ്ടു്." യുവാവു് ആവേശപൂർവം തുടർന്നു. "സ്വാതന്ത്ര്യം കണ്ടുകിട്ടുകയല്ല. ഒരുമിച്ചുനിന്നു സമരംചെയ്തു പിടിച്ചുവാങ്ങലാണു്. ഇന്നു് അതിനുള്ളൊരവസരമാണു്."

വാസ്തവത്തിൽ ഈവക വാദപ്രതിവാദങ്ങളിൽ പങ്കെടുക്കുന്നതു് ബാലനു് ഏററവും സന്തോഷപ്രദമാണു്. എന്നാൽ, ഇന്നെന്തുകൊണ്ടോ, അയാളതു് ഇഷ്ടപ്പെട്ടില്ല. അസ്പഷ്ടമായൊരാത്മീയ ചിന്ത അയാളെ വിഴുങ്ങി. തീവണ്ടി പിന്നിട്ടുപോകുന്ന വിശാലമായ പച്ചപ്പരപ്പുകളിലേക്കു് ശൂന്യമായി തുറിച്ചുനോക്കിക്കൊണ്ടു് അയാൾ അനങ്ങാതെ നിന്നു.

അനവധി മണിക്കൂറുകൾ അയാളങ്ങനെ നിന്നു. പല സ്റ്റേഷനുകളിലും വണ്ടി നിന്നു. അനേകമാളുകൾ കയറി. ഇറങ്ങി. എന്നിട്ടും, ബാലനൊന്നിരിക്കാനൊരിടം കിട്ടിയില്ല.

പിറേറന്നു് ഉച്ചയായി, അയാൾ മണ്ഡപത്തെത്തിച്ചേർന്നപ്പോൾ. കൊളമ്പിനു പുറപ്പെട്ടതിൽ, തിരിച്ചുപോരാൻപോലും വഴിയില്ലാതെ അലഞ്ഞുനടക്കുന്ന നിരവധി മലയാളികളും അവരെ കുടുക്കിലിടാൻ ശ്രമിക്കുന്ന അനവധി "ബ്ളാക്ക്മാർക്കറ്റു"കളും അവിടെയുണ്ടു്.

ഈ നില കണ്ടപ്പോൾ ബാലനും തന്റെ പെർമിറ്റിന്റെ കാര്യത്തിൽ ബലമായി സംശയമായി. കൈക്കൂലിവാങ്ങി ആളെക്കടത്താൻ ശ്രമിക്കുന്ന ചില "മലയാളിച്ചേട്ടന്മാർ" ബാലനെയും വെറുതെവിട്ടില്ല.

സംശയം തീരാതെ ഉത്തരക്കടലാസെഴുതിയ വിദ്യാർത്ഥിയെപ്പോലെ വരിവരിയായി നില്ക്കുന്ന ഒരു വമ്പിച്ച ജനക്കൂട്ടത്തിനൊപ്പം അയാളും ആ അനുവാദ ഉദ്യോഗസ്ഥനെ സമീപിച്ചു.

ആ ഉദ്യോഗസ്ഥന്റെ പേനത്തുമ്പിൽ തടഞ്ഞ ഒരു പട്ടുനൂല്പോലെയിരുന്നു ബാലന്റെ ഹൃദയം. വളരെ നേരത്തെ ചോദ്യോത്തരങ്ങൾക്കുശേഷം ഇരുപത്തഞ്ചുറുപ്പിക കാഴ്ചവച്ച് ബാലനൊരു് അനുമതിപ്പത്രിക കിട്ടി.

ഇതുകൊണ്ടും കുഴപ്പമൊഴിഞ്ഞിട്ടില്ല. കൈകുത്തിവെക്കണം, ഉപ്പുവെള്ളത്തിൽ കുളിക്കണം, വസ്ത്രം ആവികൊള്ളിക്കണം, അനവധി കടലാസിലൊപ്പുവെക്കണം—അങ്ങിനെ പലതും പലതും;

X X X

അടുത്തദിവസം ഉച്ചയ്ക്ക്, അനവധി രഹസ്യപ്പോലീസുകാരുടെ പരുക്കമായ പരിശോധനയ്ക്കുശേഷം ധനുഷ്കോടിയിൽനിന്നു് ബാലൻ കപ്പലിൽ കയറി. മൂന്നാംക്ലാസ്സ് യാത്രക്കാർക്കുള്ള ഇരിപ്പിടങ്ങൾ ഏററവും അടിയിലാണു്. അഴുക്കുചാലുകളൊഴുകുന്നതും, ആടുകളെയും, സാമാനങ്ങളടുക്കുന്നതും അവിടെത്തന്നെയാണ്. മനംപിരട്ടലില്ലാതെ ഒരാൾക്കും അവിടെ ഇരിക്കവയ്യ. തൊഴിലാളികളും പാവപ്പെട്ട ഇടത്തരക്കാരും, സിലോണിലേക്കു കയററി അയയ്ക്കുന്ന തോട്ടക്കാരിപ്പെണ്ണുങ്ങളും മാത്രമെ അവിടെ ഇരിക്കാനുള്ളു. ആട്ടിൻകൂട്ടങ്ങളെപ്പോലെ അവരെയാകെ കൂട്ടിലിട്ടടച്ചിരിക്കുകയാണ്.

മുകളിലൊക്കെ ഉയർന്നതരം യാത്രക്കാരാണ്. നൃത്തവും, കുടിയും, പാട്ടും പട്ടുകിടക്കയുമൊക്കെ അവർക്കവിടെയുണ്ട്. ഇതുകണ്ട് ബാലൻ ആലോചിച്ചു "സാമ്രാജ്യത്വത്തിന്റെ കീഴിൽ സാധാരണക്കാരനനുഭവിക്കുന്ന സാമ്പത്തികാസമത്വങ്ങൾ എത്രമാത്രം ഭയങ്കരമാണ്."

X X X

അല്പം ശുദ്ധവായു ശ്വസിക്കാനായി ബാലൻ കപ്പലിന്റെ മുകൾത്തട്ടിലേക്കു പോയി ടിക്കററുപരിശോധകരെ കബളിപ്പിച്ച് ഒരു മൂലയിൽ പോയി പറഞ്ഞുനിന്നു.

രാമേശ്വരത്തിന്റെ മേൽഭാഗത്തെ നാലഞ്ചുനിലകൾ അവിടെനിന്നു നോക്കിയാൽ വ്യക്തമായിക്കാണാമായിരുന്നു. ആ ക്ഷേത്രരാജന്റെ ദീർഘനിശ്വാസംപോലെ ഒരു തണുത്ത കാററ് അവിടെ വീശിക്കൊണ്ടിരുന്നു. ബാലൻ ആ ക്ഷേത്രഭാഗത്തേക്കുതന്നെ മിഴിച്ചുനോക്കി, എന്തൊക്കെയോ ചിന്തിച്ചുകൊണ്ടുനിന്നു.

ഇടയ്ക്കിടയ്ക്ക് തന്റെ പോക്കററിൽനിന്നു് ഏതോ ഒരു കടലാസുകഷണം വലിച്ചെടുത്തു നിവർത്തിനോക്കും. ഒരു നീണ്ട നെടുവീർപ്പോടെ വീണ്ടും മടക്കിവെയ്ക്കും.

ഇതുകണ്ട്, തീവണ്ടിയിൽവെച്ചു പരിചയപ്പെട്ട ഒരു പുതിയ സ്നേഹിതൻ അയാളുടെ അടുത്തേക്കുവന്നു. "എന്താ മിസ്റ്റർ അതു്?" അയാൾ ചോദിച്ചു.

"ഒന്നുമില്ല. ഇതൊരു ഫോട്ടോ."

"ഫോട്ടോ! എനിക്കു കാണാമോ?

ബാലനതു് അയാളെ കാണിക്കുവാൻ മടിയുണ്ട്. പക്ഷെ, കൊടുക്കാതിരിക്കുവാൻ മനക്കരുത്തുമില്ല.

തികഞ്ഞ സൌന്ദര്യവതിയായ ഒരു കൊച്ചുയുവതിയും, അയാളും ഒന്നിച്ചുനിൽക്കുന്ന കമനീയമായ ഒരു കാർഡ്സൈസ് ഫോട്ടോ ആണതു്.

"ഏതാണീ യുവതി? ഇത്ര ചെറുപ്പത്തിൽ തന്നെ നിങ്ങൾ വിവാഹം കഴിച്ചോ" സ്നേഹിതൻ ചോദിച്ചു.

„അതെന്റെ ഭാര്യയല്ല"

„പിന്നെ?"

„എന്റെ ഭാവി...." ആ വാക്കു മുഴുവനാക്കാൻ ബാലനു കഴിവുണ്ടായില്ല.

സുഹൃത്തിനു കാര്യം മനസ്സിലായി. ഒരേ ആദർശത്തിലടിയുറച്ച പുതിയൊരു കൂട്ടുകാരനെ കിട്ടിയ രാഷ്ട്രീയപ്രവർത്തകനെപ്പോലെ അയാൾ ബാലനോട് അധികമടുത്തു. ബാലനാവശ്യപ്പെടാതെ തന്നെ അയാൾ തന്റെ ജീവിതകഥ മുഴുവൻ ബാലനെ അറിയിച്ചു.

അയാൾ ഒരു ബേങ്കറുടെ ഏകസന്താനമാണ്. അയാൾക്കുമുണ്ട് ഒരു പ്രേമാരാധിക. അവൾ ഒരു തൊഴിലാളിയുടെ മകളാണ്. ഇപ്പോളവൾ അവളുടെ അമ്മാവന്റെ കൂടെ സിലോണിൽ ജാഫനയെന്ന സ്ഥലത്തു താമസിക്കുന്നു. അവളെ കാണുവാനായി അയാൾ കുതിച്ചുപായുകയാണ്.

ഒരു പ്രേമഗായകന്റെ മനശ്ശാസ്ത്രതത്വമാണതു്. തന്റെ പ്രേമരഹസ്യങ്ങൾ തന്നെപ്പോലെയുള്ള മററാരോടെങ്കിലും തുറന്നുപറയണം. ബാലനും അതുതന്നെചെയ്തു. യാതൊന്നും മറച്ചുവെയ്ക്കാതെ എല്ലാം പറഞ്ഞു.

ബാലനു് അമ്മയും രണ്ടു സഹോദരികളുമുണ്ട്. ജീവിതനിർവ്വഹണത്തിനു വിശേഷിച്ചു വഴികളൊന്നുമില്ല. അല്പം പണക്കാരനായ ഒരമ്മാവനുണ്ട്. അദ്ദേഹം വല്ലതും കൊടുക്കും. ഇന്റർമീഡിയററുവരെ വളരെ കഷ്ടപ്പെട്ടു പഠിച്ചു. ഹൈസ്കൂളിൽ വെച്ചു സ്ഥലത്തെ ഒരു കച്ചവടപ്രമാണിയുടെ മകളായ ഏലിയാമ്മയുമായി പരിചയപ്പെട്ടതാണ്. അതങ്ങനെ അധികരിച്ചധികരിച്ച് അങ്ങേ അററംവരെ അടുത്തു. പരസ്പരം ജീവാർപ്പണം ചെയ്യാൻപോലും അവരൊരുക്കമാണ്. സ്വന്തമായി എന്തെങ്കിലുമൊരു ജീവിതോപായമുണ്ടാക്കി അവർക്കൊന്നിച്ചു ജീ

വിക്കണം. അതിനുവേണ്ടി അയാൾ കൊളമ്പിലേക്ക ജോലിയന്വേഷിച്ചുപോകുകയാണു്.

x x x

അവർ രണ്ടുപേരും നിശ്ശബ്ദരായി. രണ്ടുപേർക്കുമുണ്ടു് ചെറുതും വലുതുമായ നിരവധി വേദനകൾ.

പെട്ടെന്നു് ഒരു ദയനീയശബ്ദം! "മാസ്റ്റർ, പൈസ മാസ്റ്റർ. മാസ്റ്റർ വൺപൈസ."

"എന്തു്! കടലിലുമുണ്ടോ തെരുവുതെണ്ടികൾ" അവർ രണ്ടുപേരും താഴോട്ടു നോക്കി. വലിയ കടൽത്തെണ്ടുകളെപ്പോലെ അഞ്ചെട്ടു ചെറുബാലന്മാരുണ്ടു് ആ നിലയില്ലാത്ത കടലിന്റെ അലയിൽ കിടന്നു നിലവിളിക്കുന്നു. മനുഷ്യജീവികളാണു് അവരെന്നു വിശ്വസിക്കാൻ ബാലനും, കൂട്ടുകാരനും കഴിഞ്ഞില്ല.

'പൈസയെറിഞ്ഞാൽ അവർക്കതെങ്ങിനെ കിട്ടും' അവർ അത്ഭുതപ്പെട്ടു.

'നിങ്ങളതു് കടലിലേക്കെറിഞ്ഞാൽ മതി. അടുത്തനിമിഷത്തിൽ നിങ്ങളെറിഞ്ഞ അതേ പൈസ അവർ മുങ്ങിയെടുത്തു നിങ്ങൾക്കുയർത്തിക്കാണിച്ചുതരും' അടുത്തുനിന്ന ഒരു യാത്രക്കാരൻ തീർത്തുപറഞ്ഞു.

അതു വാസ്തവമായിരുന്നു.

'അതെ ജീവിതം ഒരു സമരമാണു്. മരണത്തിനെതിരായ, മരണത്തിലൂടെയുള്ള സമരം!' ബാലന്റെ കൂട്ടുകാരൻ അഭിപ്രായപ്പെട്ടു. അതു കേട്ടു് ബാലൻ ആത്മാർത്ഥമായി ആശിച്ചു. 'ഹാ, ഭാരതത്തിനു സ്വന്തമായി ഒരു നാവികസേനയുണ്ടായിരുന്നുവെങ്കിൽ!——'

x x x

അന്നുരാത്രി, ബാലൻ സഞ്ചരിക്കുന്ന കപ്പൽ സിലോണിലെ തലമന്നാറയിലെത്തി. കൊളമ്പിലേക്കുള്ള മെയിൽവണ്ടി അവിടെ ചൂളംവിളിച്ചുകൊണ്ടു കാത്തുനിന്നു. കോട്ടിന്റെ മുണ്ടികൊണ്ടു പൊതിച്ചു ചുററി, തലയിലൊരുതരം വളഞ്ഞ ചീപ്പു നിക്ഷേപിച്ച പണക്കാരും, വെറും ബനിയനും, വിലകുറഞ്ഞ സാരവും, അരയിലൊരു കറുപ്പു ടവ്വലും കെട്ടിയ പാവങ്ങളുമായ സിംഹളീയരെക്കണ്ടു ബാലനൽപ്പം അമ്പരക്കുകയും ഭയപ്പെടുകയുംചെയ്തു. അവരുടെ സംഭാഷണം അയാൾക്കൊട്ടുംതന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും, എണ്ണമററ സംസ്കൃതപദങ്ങൾ ആ സംസാരത്തിൽ കലർന്നുകേൾക്കാമായിരുന്നു.

സിലോൺ—കേരളത്തിൽനിന്നും മുറിഞ്ഞുപോയ ഒരു ഭൂവിഭാഗമായി ബാലനു തോന്നി. തെങ്ങും, കമുകും, വാഴയും നിറഞ്ഞ വളപ്പുകൾ കേരളത്തിന്റെ തനിപ്പകർപ്പുതന്നെ. ഇടയ്ക്കിടയ്ക്കു ഉയർന്നുനിൽക്കുന്ന പച്ചക്കുന്നുകളും, തേയില റബർ ഇവ വളരുന്ന വിശാലമായ തോട്ടങ്ങളും, അതിന്നടിയിലുള്ള നെൽവയലുകളും ആ പൂനിലാവിൽ നിഴലിച്ചുകാണാമായിരുന്നു

x x x

കൊളമ്പോ ഫോർട്ടിൽ വണ്ടിയിറങ്ങിയ ബാലൻ ആദ്യമായി കണ്ടതു് തനിമലയാളിമട്ടിൽ മുണ്ടും ഷർട്ടും ധരിച്ച നിരവധി മലയാളികളെയാണു്. 'കുടുമ്മ'വെച്ച കിഴവന്മാരും, പത്തുപതിനൊന്നുവയസ്സുമാത്രം പ്രായമായ കൊച്ചുചെക്കന്മാരും അക്കൂട്ടത്തിലുണ്ടു്.

കൊളമ്പോ നഗരം തനി പാശ്ചാത്യപരിഷ്കാരത്തിന്റെ ഒരു പ്രദർശനശാലയാണു്. മറെറാരുഭാഷയിൽ, ബ്രിട്ടന്റെ കെട്ടിപ്പഴകമാർന്ന സാധനങ്ങളും, സംസ്കാരവും വിററഴിക്കുന്ന ഒരാഴ്ച്ചച്ചന്ത!

അരനാഴിക അകലെയുള്ള ഒരിടത്തേയ്ക്കു റിക്ഷക്കാരൻ ആവശ്യപ്പെട്ട കൂലി കേട്ടപ്പോൾ ബാലനൊന്നു ഞെട്ടിപ്പോയി. 2 ക! "എന്താസാറേ പറേണു്, ഒരു നേരം ചായകുടിക്കണമെങ്കിൽ ഒന്നര ഉറുപ്പിക വേണം" ആ തമിഴൻ റിക്ഷാവാല അവന്റെ സ്വന്തം ഭാഷയിൽ കൊളമ്പിലെ ജീവിതനിലവാരം വിശദീകരിച്ചു.

അടുത്ത മണിക്കൂറുകളിൽ ബാലനിതു തികച്ചും ബോദ്ധ്യപ്പെട്ടു. ഇവിടെ ഒററനേരമെ ചോറു കിട്ടുകയുള്ളു. അതുതന്നെ അരവയറു നിറയാനുള്ളതില്ല. ബാക്കിസമയമെല്ലാം ചായപ്പീടികയിലെ അട്ടാമാവുതന്നെ! ആ ഒരുനേരത്തെ ഭക്ഷണത്തിനു മാത്രം ഹോട്ടലിൽ ചുരുങ്ങിയതു് ഒന്നര ഉറുപ്പികയും അരിക്കൂപ്പണും കൊടുക്കണം.

കൊളമ്പിലെ മലയാളികളുടെ ജീവിതം ഏററവും നികൃഷ്ടമാണു്. രണ്ടും മൂന്നും മുറികൾ മാത്രമുള്ള കൊച്ചുവീടുകളിൽ അറുപതും നൂറും ആളുകളാണു് കൂട്ടമായി തിങ്ങിപ്പാർക്കുന്നതു്. ഒന്നു ശ്വാസമയക്കാൻ കൂടി നിവൃത്തിയില്ല. അതിൽതന്നെയാണു് അവരുടെ അടുക്കളയും ഊണും ഉറക്കവുമൊക്കെ! ഇവിടത്തെ മലയാളികളധികം പേരും തൊഴിലാളികളാണു്. ഇംഗ്ലീഷുകാരുടെ കമ്പനികളിലും ഫാക്ടറികളിലും കൂലിപ്പണിയെടുത്തുപജീവിക്കുന്നവർ. ചുരുക്കം പേരെയുള്ളു ഏതെങ്കിലും ഉയർന്ന ഉദ്യോഗത്തിൽ.

x x x

റേഷൻകാർഡു് ഇല്ലാത്ത ബാലനു് തുടർച്ചയായി രണ്ടുദിവസം ആഹാരം കിട്ടിയില്ല. സിലോൺമലയാളികൾ, ബോംബെ മലയാളികളെപ്പോലെ 'മലയാളമറിയാത്ത മലയാളിക'ളല്ല. അതുകൊണ്ടു് അയാൾക്കു് കയറിക്കി

ടക്കാരനൊരിടം കിട്ടി. ഇനിയൊരു ജോലിയാണ്. ജോലിയെക്കുറിച്ചന്വേഷിച്ചപ്പോൾ ബാലന്റെ വായ് പിളർന്നു, കണ്ണു വികസിച്ചുപോയി: ദിവസംതോറും അനവധി പേരെ പിരിച്ചയക്കുകയാണ്. ഇവിടെ യുദ്ധം കഴിഞ്ഞതോടെ പട്ടാള ക്യാമ്പുകളിൽനിന്നും ഫാക്ടറികളിൽനിന്നും ആയിരക്കണക്കായ ആളുകളാണ് ഇന്നു തെരുവീഥികളിലേക്കെറിയപ്പെടുന്നത്.

എല്ലാവരും ബാലന്റെ നേരെ അനുഭാവം പ്രദർശിപ്പിച്ചു. "യുദ്ധം നിലക്കുന്നതിനു ഒരു മാസം മുമ്പ് ഇവിടെ എത്തിയിരുന്നെങ്കിൽ-! മൂന്നാംക്ലാസ് ജയിക്കാത്ത പിള്ളേരാണ് നൂറും ഇരുനൂറും ശമ്പളം വാങ്ങിച്ചിരുന്നത്."

എങ്കിലും ബാലൻ പരിശ്രമിക്കാതിരുന്നില്ല. തനിക്ക് പരിചയമുള്ള മിക്ക മലയാളികളെയും ബാലൻ സമീപിച്ചു. പക്ഷെ ബാലൻ ജോലിയന്വേഷിച്ചു ചെല്ലുമ്പോൾ അവരെല്ലാംതന്നെ തങ്ങൾക്കുണ്ടായിരുന്ന പ്രവൃത്തി നഷ്ടപ്പെട്ട് അലഞ്ഞുനടക്കുകയാണ്. സാർവത്രികമായ തൊഴിലില്ലായ്മ, താങ്ങാൻ കഴിയാത്ത ജീവിതച്ചെലവുകൾ—ഇതാണ് ഇന്ന് കൊളമ്പിലെ അവസ്ഥ.

ബാലൻ പിന്നെയും ശ്രമിച്ചു. പല ജോലിസ്ഥലങ്ങളിലും, നിലയും വിലയുമുള്ള മഹാന്മാരുടെ മുന്നിലും ബാലൻ ആശയോടും ആശങ്കയോടുംകൂടി ശ്വാസം വിടാതെ കാത്തുനിന്നു. ഗാൾഫേസ് കടപ്പുറവും കോട്ടയും ഹാർബറും, സിക്രട്ടറിയേററും കെയിൻസ്ട്രീററും ബാലൻ അനവധി തവണ സന്ദർശിച്ചു.

X X X X

ജോലിയന്വേഷിച്ചലഞ്ഞ് മാസം രണ്ടു കഴിഞ്ഞു. ഭക്ഷണമില്ലായ്മയും അക്ഷീണപരിശ്രമവും ബാലനെ ഒരു രോഗിയാക്കി. ഇടക്കിടക്കു പനി. അതില്ലാത്തപ്പോൾ നെഞ്ചത്തു വേദനയും ചുമയും. എല്ലാവർക്കും ബാലന്റെനേരെ ഒരതൃപ്തിയുളവായി. തുടർച്ചയായി അയാൾ നാലഞ്ചിടത്തേക്ക് താമസം മാറി. കയ്യിൽ കാശും കടം കിട്ടാൻ സൗകര്യവും ജോലിയുമില്ലാത്ത ആ പാവം എങ്ങും ഒരധഃകൃതനായി പരിണമിച്ചു.

വിശപ്പും രോഗവും നിസ്സഹായതയും നിരാശയുംകൂടി ഒരു മനുഷ്യരൂപം കൈക്കൊണ്ടപോലെ ബഹിഷ്കൃതനായി ബാലൻ. കോളജ് വിദ്യാഭ്യാസവും ലോകവിജ്ഞാനവും, തന്നെ അപഹസിക്കയാണ് ചെയ്യുന്നതെന്ന അയാൾക്ക് തോന്നി. ഏതു നിമിഷത്തിലും ബാലന് അകാരണമായ ഒരു ഭീതി. കരുക്കൾ നിരത്തിവച്ച ചതുരംഗപ്പലകപ്പോലെ. കുരിശുകളുയർന്നു നിൽക്കുന്ന ക്രിസ്ത്യൻ ശ്മശാനം കാണുമ്പോൾ ബാലൻ ഞെട്ടിത്തെറിച്ചു. പട്ടണത്തിൽ പലയിടത്തും വസൂരിയുണ്ട്. അതായിരുന്നു അതിനു കാരണം.

X X X X

അന്നു രാത്രി അയാളുടെ ദേഹമാസകലം വേദനിച്ചിരുന്നു. നേരം പുലർന്നപ്പോഴുണ്ട് തൃക്കാക്കരപ്പന് വെള്ളപ്പുള്ളികുത്തിയതുപോലെ ശരീരത്തിലൊട്ടാകെ നീർപ്പോളകൾ!

അയാളുടെ കൂടെ താമസിച്ചിരുന്നവരും അയൽപക്കത്തുള്ളവർ കൂടിയും അയാളെ വെറുത്തു. ശപിച്ചു. അയാളെ ആസ്പത്രിക്കയക്കണം, കുളിവസ്ക്കണം, വീടു ശുദ്ധിയാക്കണം, അവരൊക്കെ താമസം മാറണം, അങ്ങനെ എന്തെല്ലാം ബുദ്ധിമുട്ടുകൾ!

സൗജന്യമായ ഒരു മുൻസിപ്പൽ ആസ്പത്രിയിലാണ് അയാളെ കൊണ്ടുചെന്നിട്ടത്. എന്നാൽ കയ്യിൽ കാശുള്ളവനേ അവിടെ സൗജന്യവും സഹായവുമൊക്കെയുള്ളൂ. അവനെ ശുശ്രൂഷിക്കുവാനേ അവിടെ ആൾക്കാരുള്ളൂ. ബാലനെ ആരും ശ്രദ്ധിക്കാറില്ല. വല്ലപ്പോഴുമാണ് മരുന്നു കൊടുക്കുക. വളരെ ദുർലഭമായേ എന്തെങ്കിലും ഭക്ഷിക്കാനും ലഭിക്കാറുള്ളൂ.

X X X X

നീണ്ട ഒന്നരമാസത്തിനുശേഷം ശരീരത്തിലെങ്ങും പുഴക്കുത്തുകൾ നിറഞ്ഞ് ബാലൻ പുറത്തു വന്നു. വ്രണങ്ങൾ മുഴുവൻ ഉണങ്ങിയിട്ടു കൂടിയില്ല.

ബാലിനിനി ഒരേ ഒരാഗ്രഹമേയുള്ളൂ, ജോലിയും പണവുമൊന്നും വേണ്ട, സ്വന്തം ജന്മദേശത്തെത്തി കിട്ടിയാൽ മതി. എന്നാൽ അതിനും വേണ്ടേ ഉറുപ്പിക? ബാലൻ പലരോടും അപേക്ഷിച്ചു. ചിലരെല്ലാം കൂടി കുറച്ചു കാശു പിരിച്ചുണ്ടാക്കി ബാലനൊരു റെയിൽവേ ടിക്കററു വാങ്ങിച്ചുകൊടുത്തു. അങ്ങനെ ആയിരമായിരം ആഗ്രഹങ്ങളോടെ കൊളമ്പിലേക്ക് പോയ ബാലൻ തന്റെ ആരോഗ്യം കൂടി അപകടപ്പെടുത്തി നാട്ടിലേക്ക് മടങ്ങി. ലജ്ജയും സങ്കടവുംകൂടി അയാളുടെ മസ്തിഷ്കത്തിൽ ഒരു മൂടൽമഞ്ഞുണ്ടാക്കി. വയനാട്ടിൽ പോയി മടങ്ങുന്നപോലെ നാട്ടിലേക്ക് തിരിച്ചു ചെല്ലുന്ന കാര്യം അയാൾക്ക് ചിന്തിക്കുവാൻപോലും കഴിഞ്ഞില്ല. പക്ഷേ മനുഷ്യന്റെ മനസ്സുപോലെ അനിശ്ചിതമല്ലല്ലോ റെയിൽവേക്കാരന്റെ തീവണ്ടിയോട്ടം. പുറപ്പെട്ടതിന്റെ നാലാം ദിവസം ബാലൻ നാട്ടിലെത്തി.

X X X X

പണം സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലും രോഗിയായ തന്നെ അമ്മയും മററും ആവേ

ശപൂർവം ആലിംഗനം ചെയ്യുമെന്നു അയാളാശിച്ചു. എന്നാൽ സംഭവിച്ചതു് അതിനുനേരെ വിപരീതമായിരുന്നു. ബാലൻ കോലായിൽ കയറിനിന്നു വളരെ കഴിഞ്ഞിട്ടേ അവരൊക്കെ പുറത്തു വന്നുള്ളു. അവൻെറ കഴിവില്ലായ്മയിലുള്ള നിറഞ്ഞ പുച്ഛരസത്തിലായിരുന്നു അവരുടെ സ്വീകരണം. അയാളോടു് അധികമാരും സംസാരിച്ചില്ല. അയാളും ആരുമായി സംസാരിക്കാൻ ആശിച്ചതുമില്ല. തൻെറ പഴയ പഠിപ്പുമുറിയിൽ കടന്നു വാതിലടച്ചു ബാലൻ മിണ്ടാതിരുന്നു.

എന്നാൽ എലിയാമ്മ അയാളുടെ ജീവിതത്തിൻെറ പൊന്നോടക്കുഴലാണു്. അവളൊരിക്കലും അയാളോടു് അനിഷ്ടം ഭാവിക്കുകയില്ലെന്നു അയാൾക്കു തീർച്ചയാണു്. മാത്രമല്ല കൂടുതൽ ഇഷ്ടപ്പെടുകയായിരിക്കും ഉണ്ടാകുക.

Z X X X

അവരെന്നും ഒന്നിച്ചു ചേരാറുള്ള ഒരു പൂന്തോപ്പുണ്ടു്. അതു് അവളുടെ പഠിപ്പുമുറിയുടെ തൊട്ടടുത്താണു്. തോട്ടത്തിൽക്കൂടെ അനക്കമില്ലാതെ മറഞ്ഞു് നടന്നാൽ ആരുമറിയാതെ അവളുടെ ജനലിന്നടുത്തു ചെല്ലാം. അവിടെനിന്നു അയാൾ ചെറിയൊരടയാളം കാണിച്ചാൽ അവൾ കതകു തുറന്നു പുറത്തു വരികയായി. പിന്നെ പൂന്തോപ്പിന്നിടയ്ക്കുള്ള പുൽത്തകിടിയും പൂനിലാവും മാത്രമേ അവിടെ നടക്കുന്നതെന്തെന്നറികയുള്ളു. അങ്ങനെയുള്ള നിരവധി മധുരസ്മരണകളുടെ മനോഹരമായ ഒരു പുഷ്പശയ്യയാണു് ആ പൂന്തോട്ടം.

അയാളുടെ വരവിനെ കാലേകൂട്ടി അറിയിക്കാതെ ആകസ്മികമായി അവിടെയെത്തുപെട്ടു് അവളെ അത്ഭുതപ്പെടുത്തണമെന്നാണു് അയാളുടെ ആഗ്രഹം. അതിന്നായി രാത്രി വളരെ വൈകിയിട്ടാണു് ബാലനങ്ങോട്ടു നടന്നതു്.

തൻെറ പഴയ പൂച്ചട്ടികളുടെ നിഴലിൽക്കൂടി മറഞ്ഞു് മറഞ്ഞു് നടന്നു ബാലൻ ആ പുൽത്തകിടിയുടെ അടുത്തെത്തി. പെട്ടെന്നു ആ പുൽത്തകിടിയിൽനിന്നു ഒരു സംഭാഷണം! അവിടെ ആരോ വിശ്രമിക്കുന്നുമുണ്ടു്.!

“ഞാൻ നിന്നെ എൻെറ പ്രാണവായുവായാരാധിക്കുന്നു.”

“സാറെ അങ്ങുന്നു എൻെറ ആത്മാവിന്നെക്കാൾ.........”

കോളജിൽ ശരീരശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസ്സർ അവൾക്കു് പ്രായോഗികമായി ശരീരശാസ്ത്രം പഠിപ്പിച്ചുകൊടുക്കുന്നു! ബാലൻെറ ഹൃദയത്തിൽ ഒരു രക്തബോംബു് പൊട്ടിയപോലെ ഒഛർച്ചയുണ്ടായി. മുന്നോട്ടു ചാടി അവളുടെ കഴുത്തു പിടിച്ചു ഞെരിച്ചു കൊല്ലാനായി അയാളുടെ ഹൃദയം കൊതിച്ചു, എന്നാൽ അടുത്ത നിമിഷത്തിൽ അയാൾ അനക്കമില്ലാതെ തിരിച്ചു നടക്കുകയാണു് ചെയ്തതു്. ഒരു ശവശരീരത്തിനു് എണീച്ചു നടക്കാൻ കഴിയുമെങ്കിൽ അതായിരുന്നു അപ്പോഴത്തെ ബാലൻെറ അവസ്ഥ.

X X X X

ആ പരന്ന നെൽപ്പാടങ്ങൾക്കിടയ്ക്കുള്ള വലിയ നടവരമ്പത്തുകൂടെ അയാൾ അലക്ഷ്യമായി മുന്നോട്ടു നടന്നു. അനവധി ഇടവരമ്പുകളും തോട്ടം കടിലും അയാൾ കടന്നുകഴിഞ്ഞു.

ഇടയ്ക്കു് ഒരു ശബ്ദം കേട്ടു് അയാൾ തിരിഞ്ഞുനിന്നു. കൃഷിക്കാരുടെ ചക്രം ചവിട്ടു് പാട്ടു്. “അതെ, ജീവിതം ഒരു സമരമാണു്” അയാൾ മന്ത്രിച്ചു. വീണ്ടും വലിഞ്ഞു നടന്നു.

പിന്നെയും അയാൾ നടന്നു. നടന്നു നടന്നു പട്ടണത്തിലേക്കുള്ള മെയിൻ റോഡിലെത്തി. എല്ലാവരും ഉറക്കമാണു്. കറെ തെരുവിൻെറ മക്കൾ മാത്രം ഉണർന്നിരുന്നു ചൊറി മാന്തുന്നുണ്ടു്. അയാൾ ഒരു നിമിഷനേരം അവരെ നോക്കിനിന്നു.

പെട്ടെന്നൊരിരമ്പം. ആയിരക്കണക്കായ ആളുകൾ ഒന്നിച്ചുനിന്നുച്ചരിക്കുന്ന ഒരു ഉയർന്ന ശബ്ദം. ബാലൻ ചെവിയോർത്തു. ഒരു മാർച്ചിങ്ങു് സോങ്ങ്!

“ദൂർഹറോ”

“ലോകസഹോദര നാമൊന്നായത, വിപ്ലവ
കാഹളമൂതുന്നു
പായുകനാം, പായുകനാം വടവാളുകളേന്തുക
സ്വാതന്ത്ര്യത്തിനു പോരാടാൻ!
(പായുകനാം.........)”

അയാൾ അവിടെത്തന്നെ നിന്നു. ആ ശബ്ദം അടുത്തടുത്തു വന്നു. കൂടുതൽ വ്യക്തമായി.

“അതാ വിളിപ്പൂ നമ്മുടെരാജ്യം നമ്മളെല്ലാ-
ടൊന്നായൊരുമിക്കാൻ,
അതാനിരപ്പുമർദ്ദിതവർഗ്ഗം സ്വാതന്ത്ര്യത്തിനു
പോരാടാൻ!
എന്തിനു വേണ്ടിട്ടീവിധമിങ്ങിനെ ബ-
ന്ധിതരായിക്കഴിയേണം?
(പായുകനാം..........)”

ആളുകൾ എല്ലാവരും അങ്ങാടിയിലെത്തി. അതൊരു തൊഴിലാളി ജാഥയാണു്. എല്ലാവരും മുഷ്ടി ചുരുട്ടി മുദ്രാവാക്യങ്ങൾ വിളിച്ചു പറയുന്നു. നിരവധി ചുവപ്പു കൊടികൾ പാറിക്കളിക്കുന്നു. അതുകണ്ടു് ബാലനൊരു കോരിത്തരിപ്പുണ്ടായി. “അതെ ജീവിതം ഒരു സമരം-ഇതാണു് അവരുടെ സമരം” അയാൾ സ്വയം അഭിപ്രായ രൂപീകരണം നടത്തി.

ഗ്രന്ഥവിഹാരം

# മേൽവിലാസം

ഗ്രന്ഥകർത്താവ്

കാരൂർ നീലകണ്ഠപിള്ള

പ്രസാധകർ.—നാഷനൽ ബുക്ക്സ്റ്റാൾ കളരിക്കൽ ബസാർ, കോട്ടയം

പേജ് 106. വില രൂപാ ഒന്നേകാൽ

"കേഴ്‌വിക്കാർക്ക് രസം തോന്നിയില്ലെങ്കിലും അവൻ അന്നു കണ്ടവരോടൊക്കെ കിണററിൽ വെള്ളം കണ്ട കഥ പറഞ്ഞു." ശുദ്ധഹൃദയനായ ഉതുപ്പാൻ ഒഴിവുള്ള സമയങ്ങളിലെ പ്രാർത്ഥനയും ഒഴിവില്ലാത്ത പണിയും കഴിഞ്ഞ് മിച്ചമുണ്ടാക്കിയ സമയംകൊണ്ട് പണിതുണ്ടാക്കിയ കിണററിന്റെ വിജയമാണത്. എത്രനാളത്തെ പരിശ്രമം. എത്രനാളത്തെ ബുദ്ധിമുട്ട്. ആദർശഭരിതമായ എത്രനാളത്തെ ആകാംക്ഷ. ഉതുപ്പാൻ കിണറു പണിയിക്കുന്നതു് അതിന്റെ മതിലിൽ "ഉതുപ്പാൻവക" എന്നു കൊത്തിവയ്ക്കാനല്ല. ഉദാരശിരോമണിയാകാൻവേണ്ടിയുമല്ല. അന്യർ ജോലി ചെയ്ത പണമല്ല അവനതിനു മുടക്കുന്നതു്. പക്ഷെ ഉതുപ്പാനു് അതിനു കിട്ടുന്ന പ്രത്യുപകാരം നിരാശാവഹമാണ്. സാധു മിണ്ടാപ്രാണികളുടെ ദാഹശാന്തിയാണ് അവന്റെ ലക്ഷ്യം. പക്ഷെ കിഴവി പറയുന്ന "ആ തെമ്മാടി വഴിയുടെ വക്കിനൊരു കിണറു കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണേ പിള്ളേരേ. "ഉദരത്തിന്റെ പരാതി ഉറക്കപ്പാട്ടായി" വളർന്നുവന്ന ഉതുപ്പാൻ പണത്തിന്റെ വിലയറിയാത്തവനല്ല. എങ്കിലും ഒരു ധനതത്വശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു, കടിച്ചുകെട്ടി പൂട്ടും പഴവും വിൽക്കുകയായിരുന്നു നല്ലതെന്നു്. ആദർശവും ജീവിതയാഥാർത്ഥ്യങ്ങളുമായിട്ടുള്ള ഈ പരസ്പരവൈരുദ്ധ്യമാണ് ഉതുപ്പാന്റെ പരാജയം. ഉതുപ്പാൻ ഒരു കിണറുകുഴിച്ചു. സ്വന്തമാവശ്യത്തിനല്ല. മനുഷ്യരും മൃഗങ്ങളുമടങ്ങുന്ന ജീവരാശിക്കുവേണ്ടി. പക്ഷെ ലോകപുരോഗതി നല്ലതെന്നും ചീത്തയെന്നും ഉള്ള വിവേചനംകൂടാതെ നിഷ്കരുണം ഉതുപ്പാന്റെ സൃഷ്ടിയേയും ഞെരിച്ചുകൊണ്ട് അതിന്റെ ജൈത്രയാത്ര നടത്തുന്നു. പുരോഗതിയുടെ കിങ്കരന്മാർ പറയുന്നതു് അക്ഷരംപ്രതി ശരിയാണ്. കുഴൽ കിണറുകളാണു നല്ലതു്. അവയുണ്ടായിക്കഴിഞ്ഞാൽ ഉതുപ്പാന്റെ കിണർ അനാവശ്യവും, അപകടകരവുമാണ്. പക്ഷെ ശാസ്ത്രം ആ പ്രണിതഹൃദയത്തിന്റെ വിലപനത്തെ തോല്പിക്കുന്നില്ല. ഉതുപ്പാന്റെ ആദർശത്തിന്റെ ഭൗതികരൂപമായ ആ കിണർ നശിപ്പിക്കപ്പെട്ടു. പക്ഷെ ആ ആദർശം അത്ര വിശേഷോത്തരമായി ചിത്രീകരിക്കുവാൻ ശ്രീ. കാരൂരിനു കഴിഞ്ഞിട്ടുണ്ട്. ഉതുപ്പാൻ യഥാർത്ഥത്തിൽ വിജയിച്ചു. പുരോഗതിയും യാഥാർത്ഥ്യങ്ങളുമായിട്ടുള്ള സംഘട്ടനങ്ങൾ വേദനാജനകമാണ്. പലപ്പോഴും പഴയതിൽ അത്യധികമായ ആത്മാർത്ഥതയുണ്ടായിരിക്കും. പക്ഷെ അവയും നശിക്കണം. അതു പ്രകൃതിയുടെ അനിവാര്യമായ നിയമമാണ്. ആ വേദന പുതിയ ഓരോന്നിന്റെയും ഈററുനോവാണ്. അങ്ങിനെ പുരോഗതിയും വിജയിക്കുന്നു. ശ്രീ. കാരൂരിന്റെ ഈ കഥ കാണുമ്പോൾ "കേഴ്‌വിക്കാർക്കിഷ്ടമില്ലെങ്കിലും" ഉതുപ്പാന്റെ കിണർ വായിച്ചോ, വായിച്ചോ?" എന്നു ചോദിച്ചുകൊണ്ടു നടക്കാൻ തോന്നിപ്പോകുന്നുണ്ട്.

ഈ കഥാസമാഹാരത്തിലെ മററു കഥകളും വളരെ നന്നായിട്ടുണ്ട്. ഭർത്താവിന്റെ അസൂയ ഷേക്സ്പീയറിനു് ഒരു വലിയ വിഷയമായി. "ഒഥെല്ലോ" ഹൃദയത്തെ ഇളക്കിമറിക്കുന്ന ഒരു നാടകമാണ്. ഏതാണ്ട് "ഒഥെല്ലോ"യിൽ സാധിക്കുന്നതു തന്നെയാണ് ശ്രീ. കാരൂർ "മേൽവിലാസത്തിൽ സാധിച്ചിരിക്കുന്നതു്." ശ്രീ കാരൂരിന്റെ ഉദാത്തത മുഴുവനും അതിൽ ഉണ്ടെന്നു മാത്രം. അദ്ദേഹത്തിന്റെ കഥാനായകൻ നാടകശാസ്ത്രത്തിലെ നിർദ്ദേശമനുസരിക്കുന്ന വീരനൊന്നുമല്ല. ഒരു വെറും ആശുപത്രി ശിപായി. പക്ഷെ അവനിലും ഉണ്ട് ആ അസൂയയുടെ വിഷബീജം. അവൻ കോപാന്ധനായി സ്വഭാര്യയെ വധിക്കുന്നില്ല. അവന്റെ അവിശ്വാസം കുടുംബജീവിതത്തെ അല

---

"വരൂസഖാവെ, ചേരൂസഖാവെ,
ലോകസഖേനാമൊന്നായി
നമ്മുടെയന്തിമ സമരമതായി
നമ്മളിറങ്ങണമൊന്നായി
സാമ്രാജ്യത്വക്കോട്ടകളടനടി ഞെട്ടിവിറ-
ച്ചീടണമൊന്നായി"
"പോരുകനാം, പായുകനാം പടവാളുടനോ-
ങ്ങുക ബ്രിട്ടനെയുടനെയോടിക്കാൻ
(പായുകനാം..........)"

ഈ വരി പാടിയതു് ബാലനായിരുന്നു. അയാൾ സ്വയം മതിമറന്നു് ആ ജാഥയിലേക്കോടിക്കയറി.

—0—

ക്ഷോഭപ്പെടുത്തുന്നു. അവന്റെ ഭാര്യ ഒരു ധനികയും സുന്ദരിയുമല്ല. കാരണം, വിചിത്ര പണികൾചെയ്ത ഒരു കേസ്സുമല്ല, ഒരു മേൽവിലാസമെഴുതിയ കവർമാത്രം. സാധാരണക്കാരന്റെ ജീവിതത്തിന്റെ എത്ര യഥാർത്ഥമായ ഒരു ചിത്രമാണിതു്. സാമുദായിക സൗഭാഗ്യത്തിനു് അതു് എത്ര ആവശ്യമാണു്

പറഞ്ഞാലനുസരിക്കാത്ത അടുക്കളക്കാരനെപ്പററി കൊച്ചുമ്മയ്ക്കു വളരെയധികം പരാതികളുണ്ടു്. അവൻ കട്ടുതിന്നും, കടയിൽ പോയാൽ താമസിക്കും. ഇതിനൊക്കെ ഭയങ്കരമായ ഒരു പാപവും അവനുണ്ടു്. അവൻ ബീഡി വലിക്കും. ആകപ്പാടെ അവനെക്കൊണ്ടു് ഒരു പൊറുതിയുമില്ല. ഒന്നു വഴക്കുപറയാമെന്നു വച്ചാൽ അന്നു് അവൻ പോകും. ശിക്ഷിച്ചാലോ എതിരുപറയും. എങ്ങനെയായാലും വേലക്കാരൻ പയ്യൻ കൊച്ചുമ്മയെ ഒരു ദോഷൈകദൃക്കായിത്തീർക്കുന്നു. കുടുംബമായി ജീവിക്കുന്നവരെല്ലാം നേരിടുന്ന ഒരു വിഷമമാണിതു്. ഒററയാന്മാരായി തത്വം പ്രസംഗിച്ചു ഹോട്ടലിലുണ്ടു നടക്കുന്നവർക്കു് ഇതിന്റെ വിഷമമറിയാമൊ എന്നാണു് കൊച്ചുമ്മയുടെ ചോദ്യം. ശ്രീ. കാരൂരിനു് ഒരു മറുപടിയുണ്ടു്. ആ പയ്യന്റെ ആശകളുടെയും വികാരഗതിയുടെയും ഒരു സംഗ്രഹം. ഭൃത്യനായിട്ടല്ല അവൻ ജനിച്ചതു്. പ്രകൃതി അവനിലും കൊച്ചുമ്മയുടെ ഓമനസന്താനത്തിനു കൊടുത്ത ആശകൾ കുത്തിവച്ചു. യജമാനനു് [illegible] കുറെക്കൂടി മനസ്സിലാകും. അടുപ്പിന്റെ പുകയിൽ മുഴുകിയിരിക്കുന്ന ആ സ്ത്രീശിരസ്സിനകത്തേക്കു് അതു കടക്കുകയില്ല. ശ്രീ. കാരൂരിന്റെ ഭൃത്യൻ കൊച്ചുമ്മയുടെ കണ്ണു തുറപ്പിച്ചാലും ഇല്ലെങ്കിലും സഹൃദയന്മാർക്കു് അദ്ദേഹം വേദനിപ്പിക്കുന്ന ഒരു പരമാർത്ഥം വളരെ മൃദുവായി മനസ്സിലാക്കിക്കൊടുത്തു കഴിഞ്ഞു.

ശ്രീ. കാരൂരിന്റെ കഥകൾക്കൊരു പ്രത്യേകതയുണ്ടു്. അദ്ദേഹത്തിന്റെ വിഷയങ്ങൾ അഗാധങ്ങളെങ്കിലും അവ തീവ്രമാണെന്നു പറയുവാൻ നിവൃത്തിയില്ല. അവയുടെ ചിത്രണരീതിയും ഒട്ടും നിർദ്ദയമല്ല. മോപ്പസാങ്ങിനെപ്പോലെയുള്ള യൂറോപ്യൻ സാഹിത്യകാരന്മാരെ ഇംഗ്ലീഷ് എഴുത്തുകാരിൽനിന്നു വേർതിരിക്കുന്ന ഒരു സ്വഭാവവിശേഷമാണിതു്. സ്റ്റ്രാൻഡ് മുതലായ മാസികകളിൽ കാണുന്ന ചെറുകഥകൾ അസാധാരണയായി മൃദുലതയും സൗന്ദര്യവും കൂടുതലായിക്കാണും. ആ ഇനം ചെറുകഥയെഴുത്തുകാർ മലയാളത്തിൽ കുറവാണു്. അതിനു കാരണവുമുണ്ടു്. ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക, രാഷ്ട്രീയ, സാമുദായിക ജീവിതങ്ങളുടെ പ്രതിഫലനമാണു് അതിന്റെ സാഹിത്യം. ഇംഗ്ലണ്ടിന്റെ സ്ഥിതി താരതമ്യേന സുരക്ഷിതവും ആയാസരഹിതവും പൊതുവെ സുഖകരവുമായതുകൊണ്ടായിരിക്കാം ആ രാജ്യത്തെ സാഹിത്യത്തിനു് ഈ സ്വഭാവമുണ്ടായതു്. ഭാരതത്തിന്റെ യാതനകളുടെയും സ്മരണകളുടെയും നിറം ഭാരതീയ സാഹിത്യത്തിലും കലർന്നിരിക്കും. അതുകൊണ്ടാണു് നമ്മുടെ സാഹിത്യകാരന്മാർ കൂടുതൽ തീവ്രമായ ഭാഷയിൽ സാഹിത്യരചന ചെയ്യുന്നതു്. കേരളത്തിൽ സാഹിത്യകാരന്മാർ പൊതുവെ ഇത്തരക്കാരാണു്. ശ്രീ. കാരൂർ ഒരു അസാധാരണക്കാരനാണു്. ഈ രീതിയിലുള്ള സാഹിത്യത്തിൽ ആരെങ്കിലും അദ്ദേഹത്തെ കവച്ചുവയ്ക്കുന്നവരുണ്ടോ എന്നു സംശയമാണു്.

ഇതുതന്നെയാണു് ശ്രീ. കാരൂരിന്റെ പരാജയവും. അദ്ദേഹത്തെപ്പോലുള്ള ഒരു എഴുത്തുകാരനു് പററിയതല്ല "അനന്തരം" എന്ന കഥയുടെ വിഷയം. മതത്തിന്റെ മറപിടിച്ചു നടത്തുന്ന നീചസംരംഭങ്ങളെ നിർദ്ദയമായി വിമർശിക്കുവാൻമാത്രം അദ്ദേഹത്തിന്റെ തൂലികയ്ക്കു് ശക്തിയില്ല. റാസ്പുടിൻമാരും, ഖേചരാജന്മാരും, മോസ്കോയിലും കറാച്ചിയിലും മാത്രമല്ല ഉള്ളതു്. അവർ നമ്മുടെ നാട്ടിലുമുണ്ടു്. 'അനന്തരം' യഥാർത്ഥസംഭവത്തെ ആസ്പദിച്ചു് എഴുതിയതായിട്ടും വരാം. അതൊക്കെ ശരിതന്നെ. പക്ഷെ ശ്രീ. കാരൂരിന്റെ സാഹിത്യത്തിൽ അതിനു സ്ഥാനമില്ല. അതിനു ശ്രീ. പൊൻകുന്നം വർക്കിയോ, ശ്രീ. ബഷീറോ ആണു് യോജിച്ചതു്.

ഈ കഥകളിലെ സംഭാഷണരീതിയുടെ സ്വാഭാവികതയെപ്പററി വളരെ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞ ഒന്നാണതു്. ഭാഷ ചിന്താരീതിയുടെ പ്രതിഫലനമാണല്ലോ. അൽപ്പം ഫലിതസമ്മിശ്രമായി ലളിതമോഹനമായ ഭാഷയാണു് ശ്രീ. കാരൂരിന്റേതു്. അതു് ആസ്വദിക്കാൻ കഴിവില്ലായ്ക വായനക്കാരന്റെ ഉത്തരവാദിത്വം മാത്രമായിരിക്കും.

ഓരോ ദിവസവും ഈയാമ്പാററപോലെ പ്രസിദ്ധീകരണശാലകളുണ്ടാവുകയും, അന്ധന്മാർക്കു മാത്രം വായിക്കാവുന്ന രീതിയിൽ പുസ്തകങ്ങൾ അടിച്ചുതള്ളുകയും ചെയ്യുന്ന ഇക്കാലത്തു് "മേൽവിലാസ"ത്തിന്റെ അച്ചടിയെയും ഗെററപ്പിനെയും അൽപ്പമൊന്നു് അഭിനന്ദിക്കാതിരിക്കുന്നതു് അപരാധമായിരിക്കും.

(സി. ജെ. തോമസ്)

# പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| ...ീത്ത കഥകൾ—(പൊറ്റെക്കാട്ട്, തകഴി, ദേവ്, ബഷീർ, വർക്കി) | | 1 | 0 | 0 |
| അഞ്ചു... ...്വ—(പൊൻകുന്നം വർക്കി) | | 1 | 12 | 0 |
| തിരുമുൽക്കാഴ്...ം—ചങ്ങമ്പുഴയുടെ വാഴക്കുല മുതലായ | 10 കവിതകൾ | 0 | 12 | 0 |
| ശാശ്വതരശ്മികൾ | | 1 | 0 | 0 |
| നാടകകൃത്ത്—കേശവദേവ | | | | |

നാഷനൽ ബുക്കസ്റ്റാൾ

കളത്തിക്കൽ ബസാർ, കോട്ടയം.

അശോകം

## ബ്ലഡ്—ഇൻ—ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു് താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനം ചെയ്യുന്നു. രക്തശുദ്ധിയ്ക്കും പ്രസവശേഷമുള്ള ആരോഗ്യാഭിവൃദ്ധിയ്ക്കും അത്യുത്തമം

## എല്ലാ മരുന്നുഷാപ്പുകളിലും

വിൽക്കപ്പെടും


Printed and Published by P. J. Joseph at the Geo Printing Works, Kottayam.

Reg. No. T. 7 License No. 368 Dated 1st March 1939

# CHITRODAYAM, KOTTAYAM.

**ചിത്രോദയം**

പരസ്യക്കാർക്ക് ഉത്തമ സങ്കേതം